നം.കെ.എസ്.എ.പി.റ്റി.എ.പി11/1360/2018 തീയ്യതി: 25.10.2018

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 16.06.2017 മുതൽ 31.08.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	**ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ**
ഓഡിറ്റിന് വിനിയോഗിച്ച സമയം	25.09.2018 മുതൽ 06.10.2018 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം	**ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)** **ശ്രീ അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ** **ശ്രീ അരുൺകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ** **ശ്രീ സുനിൽകുമാർ യു.എസ്., ഓഡിറ്റർ**

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി ജയന്തികുമാരി	01.04.2017 മുതൽ 31.03.2018 വരെ
ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	ശ്രീമതി ബിന്ദു എസ്.പിള്ള	01.04.2017 മുതൽ 31.03.2018 വരെ
ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	ശ്രീമതി ജയദേവി വി.പി.	01.04.2017 മുതൽ 31.03.2018 വരെ
ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി	ശ്രീമതി അന്ന ജോർജ്ജ്	01.04.2017 മുതൽ 31.03.2018 വരെ

ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	ശ്രീ എ.കെ. സുരേഷ്	01.04.2017 മുതൽ 31.03.2018 വരെ
സെക്രട്ടറി	ശ്രീ.എം.എസ്.സുരേഷ്ബാബു	01.04.2017 മുതൽ 01.08.2017 വരെ
	ശ്രീ കൃഷ്ണകുമാർ സി.എസ്. (സെക്രട്ടറി-ഇൻ-ചാർജ്ജ്)	02.08.2017 മുതൽ 03.08.2017
	ശ്രീമതി റ്റി.ആർ.ലീലാമ്മ	04.08.2017 മുതൽ 31.03.2018 വരെ

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല്പ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം:

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

ഉള്ളടക്കം

ക്രമ നം.	ഇനം	ഖണ്ഡിക നം.
	ഭാഗം 1: പൊതു അവലോകനം	
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4

5	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-5
6	പദ്ധതി അവലോകനം	1-6
7	തനത് വരുമാനം	1-7
8	സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തര നിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷിക കണക്കിലെ അപാകതകൾ	1-12
	ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
13	ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി - അവലോകനം	2-1
14	മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക ഈടാക്കിയിട്ടില്ല	2-2
15	സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	2-3
16	ഡി.&ഒ. ലൈസൻസ് - ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല	2-4
17	കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി.&ഒ. ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു	2-5
18	റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല	2-6
19	ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫാമുകൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കുന്നില്ല	2-7
20	പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസ് ഈടാക്കുന്നില്ല - പഞ്ചായത്തിന് വരവ് നഷ്ടം	2-8
21	ടെണ്ടർ ഫീസ് ഇനത്തിൽ തിരികെ ലഭിക്കാനുള്ളത് 5.21 ലക്ഷം രൂപ	2-9
	ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
22	വികസനകാര്യ സ്റ്റാൻ്ിംഗ് കമ്മറ്റി - പൊതുഅവലോകനം	3-1
23	തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ അപാകത	3-2
24	ഗ്രാമപഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ - പദ്ധതി നിർവ്വഹണത്തിൽ ഗുരുതര അപാകത	3-3
25	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല – ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് 21.54 ലക്ഷം രൂപ	3-4
26	മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല; കരാറുകാരിൽനിന്നും പിഴ ഈടാക്കണം	3-5
27	കാർഷിക മേഖലയെ പാടെ അവഗണിച്ചു - ചെലവ് 16.14 ലക്ഷം രൂപ മാത്രം	3-6

28	മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയില്ല	3-7
29	വർക്ക് ബില്ലിൽനിന്നും ഈടാക്കിയ സർവ്വീസ് ടാക്സ് തിരികെ ഒടുക്കണം	3-8
30	പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് യഥാസമയം ഒടുക്കിയില്ല - പിഴപലിശ 73010 രൂപ ഉത്തരവാദിയിൽനിന്നും ഈടാക്കണം	3-9
31	ജീവനക്കാരിൽനിന്നും സർക്കാർ നിശ്ചയിച്ച നിരക്കിൽ SLI പ്രീമിയം ഈടാക്കില്ല	3-10
32	ആശ്രയ പദ്ധതിയുടെ ഭാഗമായി ഭൂമി ലഭിച്ചവർ ഭവന നിർമ്മാണം നടത്തിയില്ല; പൊതു ഖജനാവിൽനിന്നുള്ള 90000 രൂപയുടെ ചെലവ് നിഷ്ഫലം	3-11
33	ആസ്തികൾ അന്യാധീനപ്പെട്ടു	3-12
34	ഗ്രാമ കേന്ദ്രങ്ങൾക്കുവേണ്ടി വാങ്ങിയ ഫർണിച്ചറുകൾ ഉപയോഗപ്പെടുത്തിയില്ല; 129760 രൂപയുടെ പാഴ്ച്ചെലവ്	3-13
35	നിർമ്മാണം പൂർത്തിയാക്കിയ അങ്കണവാടി കെട്ടിടം ഉപയോഗിക്കുന്നില്ല	3-14
36	വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചില്ല	3-15
37	ഒ.ഡി.എഫ്. - തിരികെ ലഭിച്ച 275160 രൂപ തനത് ഫണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു	3-16
38	തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല	3-17
39	പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നു	3-18
40	ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം	3-19
41	ആവർത്തന സ്വഭാവമുള്ള ചെലവുകൾക്കായി പ്രത്യേകം പ്രോജക്ട് തയ്യാറാക്കിയത് മാർഗ്ഗരേഖാ ലംഘനം	3-20
42	പാലിയേറ്റീവ് കെയർ - വാഹനവാടക അധികം നൽകി	3-21
43	രോഗികൾക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല	3-22
44	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും	3-23
45	അങ്കണവാടിയ്ക്ക് വസ്തു വാങ്ങൽ - അപാകതകൾ	3-24
46	വൃദ്ധജനങ്ങൾക്ക് കട്ടിൽ - ടെണ്ടർ നടപടിയിലെ അപാകത കാരണം അധികച്ചെലവ്	3-25
47	അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന BRC-യ്ക്കു വേണ്ടി തുക ചെലവഴിക്കുന്നു	3-26
48	നിഷ്ക്രിയ ആസ്തികൾ	3-27
	ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
49	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
50	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
51	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്	4-3

52	വായ്പ തിരിച്ചടവിന്റെ വിവരം	4-4
53	സ്ഥിരനിക്ഷേപങ്ങൾ	4-5
54	ഓഡിറ്റ് റിക്കവറി	4-6
55	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
56	ആശുപത്രി വികസന സമിതികളുടെ കണക്കുകൾ	4-8
57	ഓഡിറ്റ് പ്രത്യവലോകനം	4-9
58	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി	22.03.2017ലെ 1-ാം നമ്പർ തീരുമാനം
ബജറ്റ് പുതുക്കിയത്	12.02.2018 ലെ 1-ാം നമ്പർ തീരുമാനം

	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം (+/-)
മുന്നിരിപ്പ്	35162499	12936636	(-)22225863
വരവ്	148805000	80787453	(-)68017547
ആകെ	183967499	93724089	(-)90243410
ചെലവ്	171056000	81514625	(-)89541375
നീക്കിയിരിപ്പ്	12911499	12209464	(-)702035

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളെയും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

സാമ്പത്തിക വർഷം	ഓഡിറ്റിൽ ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി

2017-18	31.07.2018	23.05.18

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിന്റെ വിവരം
2017-18	കെ.എസ്.എ.പി.റ്റി.എ.പി11.780/18 തീയതി 26.05.2018

പരിശോധനയുടെ അടിസ്ഥാനത്തിൽ വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുൻബാക്കി	12936636
വരവ്	80787453
ആകെ	93724089
ചെലവ്	81514625
നീക്കിബാക്കി	12209464

1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ തുക	ചെലവ് തുക/ ചെലവ് ശതമാനം	ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)	0	9768000	9768000	8918717 91.3%	849283
വികസന ഫണ്ട് (എസ്.സി.പി)	0	8317917	8317917	7074778 85.05%	1243139
വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)	0	4588046	4588046	3890094 84.78%	697952
വികസന ഫണ്ട് (ലോക ബാങ്ക് സഹായം)	0	1425327	1425327	1370190 96.13%	55137
സംരക്ഷണ ഗ്രാന്റ് (റോഡ്)		38246000	3824600	33922294 88.69%	4323706
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	2591000	2591000	2558211 98.73%	32789
തനത് ഫണ്ട്	9319063	10248831	19567894	7408464	12159430
ട്രഷറി ടി.എസ്.ബി. അക്കൗണ്ട്	2805737	6584000	9389737	9527820	-138083
എസ്.ബി.റ്റി., സെൻട്രൽ ഷെയർ	787609	638870	1426479	362502	1063977

(67172017748)					
എസ്.ബി.റ്റി., ലൈബ്രറി ഗ്രാന്റ്	619	24	643	0	643
എം.എൻ.ആർ.ജി.എസ്	1000	754732	755732	753697	2035
പന്തളം തെക്കേക്കര സർവ്വീസ് കോ.ഓ.ബാങ്ക് - സാക്ഷരത	22608	45000	67608	66973	635
എസ്.ബി.ഐ.-ഇ-പേയ്മെന്റ് അക്കൗണ്ട്	0	51545	51545	3000	48545
ട്രഷറി ടി.എസ്.ബി. ജോയ്ന്റ് വെഞ്ചർ	0	4528050	4528050	2009795	2518255
ക്യാഷ് ബാലൻസ്	0	96517	96517	0	96517

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
213	152	61	71

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
സെക്രട്ടറി	23	21	8795332	6710614	76
കൃഷി ഓഫീസർ	10	10	2497640	1614090	65
വെറ്റിനറി സർജൻ	11	10	2930000	1520500	52
വി.ഇ.ഒ.	15	9	6978669	5472224	78
അസ്സിസ്റ്റന്റ് എൻജിനീയർ	133	81	72402063	40240513	56
ഐ.സി.ഡി.എസ് സൂപ്പർവൈസർ	9	9	3807255	3454083	91
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	2	2	1029000	1029000	100
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	1	1	300000	300000	100
ഹെഡ് മാസ്റ്റർ	4	4	1077027	1060110	98
ഡയറിഫാം ഇൻസ്ട്രക്ടർ	2	2	1492838	1492838	100
അസ്സിസ്റ്റന്റ് സെക്രട്ടറി	3	3	660000	643450	97
ആകെ	213	152	101969824	63537422	62

<u>പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ</u>

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
2. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
3. ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.
4. വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല.
5. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികളിലായി വൻ തുക മുടങ്ങി കിടക്കുന്നു.

1-7 തനത് വരുമാനം

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	% (+)/(-)
നികുതി വരവുകൾ	4073630	5901190	1887560	1.44
നികുതിയേതര വരവുകൾ	578433	1274979	696546	2.20
മറ്റ് വരവുകൾ	252652	486061	233409	1.92
ആകെ	**4904715**	**7662270**	**2757555**	**1.56**

1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

ക്രമ നം.	പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം	ചെലവ്
1	കർഷകത്തൊഴിലാളി പെൻഷൻ	465	5524100
2	തൊഴിൽ രഹിത വേതനം	88	105600
3	വിധവാ പെൻഷൻ	795	9143000
4	വികലാംഗ പെൻഷൻ	252	2855900
5	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	38	441200
6	വാർദ്ധക്യകാല പെൻഷൻ	1496	18656000

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2018 02.29 PM-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 1157 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രോജക്ട് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടില്ല. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ജീവനക്കാരിൽതന്നെ നിക്ഷിപ്തമാവാതെ ചുമതലകൾ വേർതിരിച്ച് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും, പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടു നീങ്ങുന്നു.

വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമല്ല. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. പ്രത്യേകിച്ച് തെരുവ് വിളക്കുകൾക്കാവശ്യമായ സാധന സാമഗ്രികളുടെ സ്റ്റോക്ക്, ഇഷ്യു വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല (ഖ.3-2 കാണുക).

പേഴ്സണൽ രജിസ്റ്റർ: പേഴ്സണൽ രജിസ്റ്ററുകൾ എല്ലാ സെക്ഷനുകളിലും സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്ന സംഗതികളിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

അക്കൗണ്ടിംഗ് സംവിധാനം: സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവിൽ തൃപ്തികരമാണ്.

പ്രോക്യൂർമെന്റ്: പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടുള്ളതായി കണ്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല നടത്തിയിട്ടുള്ളത്. ടെണ്ടറുകൾ അംഗീകരിക്കുന്നതിലും, വാങ്ങുന്ന സാധനങ്ങളുടെ ന്യായവിലയും, ഗുണനിലവാരവും ഉറപ്പുവരുത്തുന്ന കാര്യത്തിലും പ്രോക്യൂർമെന്റ് കമ്മിറ്റി യാതൊരു പങ്കും വഹിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 31.03.2009 വരെയുള്ള വിവരങ്ങൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി
1	പെർഫോമൻസ് ഓഡിറ്റ്	09.08.2018	ജൂലായ്, 2018	റിപ്പോർട്ട് ലഭിച്ചിട്ടില്ല
2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	24.04.18-05.05.18	2013-14 മുതൽ 2017-18 വരെ	21.06.18

1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രികയോടൊപ്പം വാർഷിക കണക്കുകളിന്മേലുള്ള കുറിപ്പുകൾ (Notes on Accounts), പ്രധാനപ്പെട്ട അനുപാതങ്ങൾ (Key ratios), ഡി.സി.ബി. പത്രിക എന്നിവ സമർപ്പിച്ചിട്ടില്ല.
2. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന തുകകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

3. വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായും, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായും പൊരുത്തപ്പെടുന്നില്ല (B-15).

ഭാഗം -2

വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി - അവലോകനം

വരവുചെലവു കണക്കുകൾ അംഗീകരിക്കുക, പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക,പദ്ധതികണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക, പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ ശുപാർശ ചെയ്യുക, ശുപാർശ ചെയ്ത പ്രകാരം തയ്യാറാക്കിയ പ്രോജക്ടുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവയാണ് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലകൾ

2017-18 വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16 തവണ യോഗം ചേർന്നിട്ടുണ്ട്. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. നികുതി പിരിവിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധ ചെലുത്തുന്നുണ്ട്. എന്നാൽ പുതിയ വരുമാന ശ്രോതസ്സുകൾ കണ്ടെത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല. കൂടാതെ 100 ശതമാനം പിരിവ് ആർജ്ജിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും, 100 ശതമാനം നികുതി പിരിവ് ആർജ്ജിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കാൻ അവശേഷിക്കുന്നു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ് നം/ കെട്ടിട നം	ടവറിന്റെ/സ്ഥലം ഉടമയുടെ വിവരം	പ്ലിന്ത് ഏരിയ (ച.മീ.)	നിർണ്ണയിച്ചിട്ടുള്ള നികുതി				കുടിശിക കാലയളവ്
				വസ്തു നികുതി	ഗ്രന്ഥശാല വരി	സേവന നികുതി	ആകെ	
1	3/405	ഇൻഡസ് ടവർ	23	13800	690	1380	15870	2016-17 - 2017-18
2	7/689	ബി.എസ്.എൻ.എൽ.	7	4200	210	420	4830	2013-14 - 2017-18
3	8/623	റിലയൻസ് ടെലിക്കമ്മ്യൂണിക്കേഷൻ	12	5400	270	540	6210	2013-14 - 2017-18
4	10/22	ഗൗരിക്കുട്ടി (ഭാരതി എയർടെൽ)	11.9	7140	357	714	8211	2013-14 - 2017-18
5	10/404	ബി.എസ്.എൻ.എൽ.	7	3150	158	315	3623	2013-14 - 2017-18
6	13/489	ബി.എസ്.എൻ.എൽ.	7	3150	158	315	3623	2013-14 - 2017-18

നികുതി കുടിശിക ഈടാക്കുന്നതിനായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലായിട്ടില്ല. നികുതി കുടിശിക പിരിച്ചെടുത്ത് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി.&ഒ. ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ വിവരം	ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം
1	6/607	ശ്രീദേവി ഇൻഡസ്ട്രീസ്	5
2	8/584	മരിയൻ ഇൻഡസ്ട്രീസ്	9
3	14/279	കൃഷ്ണാ മെറ്റൽ ഇൻഡസ്ട്രീസ്	9

തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ചുള്ള ഫോം നം V ലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലൂടെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരും ആയത് ഒടുക്കുന്നുണ്ടെന്നുറപ്പുവരുത്താൻ കഴിയുന്നതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും മേധാവികളോട് ജീവനക്കാരുടെ പേരുവിവരവും വരുമാനവും സംബന്ധിച്ച റിട്ടേണുകൾ ആവശ്യപ്പെടാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ നിരക്കിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-4 ഡി.&ഒ.ലൈസൻസ് - ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

തൻവർഷം ലൈസൻസ് എടുത്ത 18 സ്ഥാപനങ്ങളിൽ 15 എണ്ണത്തോളം മാത്രമാണ് ഫെബ്രുവരി 28-ന് മുമ്പായി ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

2-5 കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി.&ഒ. ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു

ഗ്രാമപഞ്ചായത്തിൽ ലൈസൻസിന് അപേക്ഷിച്ച പല സ്ഥാപനങ്ങളും അപേക്ഷകളിൽ പ്രതിദിന വിറ്റുവരവ് സംബന്ധിച്ച വിവരം ചേർത്തിട്ടില്ല. ഇവരിൽ നിന്നും മുൻവർഷം ഈടാക്കിയ തുക തന്നെയാണ് ഫീസായി ഈടാക്കുന്നത്. വിറ്റുവരവിന്റെ കൃത്യത പരിശോധിക്കാത്തതിനാൽ ലൈസൻസ് ഫീസ് കുറവായി ഈടാക്കുന്നതിനും തന്മൂലം തനതുവരുമാനം കുറയുന്നതിനും സാധ്യതയുണ്ട്. ഒരേതരം ബിസിനസ്സ് ചെയ്യുന്ന സ്ഥാപനങ്ങളിൽനിന്നും ഒരേ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ് നിലവിൽ ചെയ്തുവരുന്ന രീതി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	കെട്ടിട	സ്ഥാപനത്തിന്റെ	അപേക്ഷയിൽ	ഈടാക്കിയ

നം.	നം.	വിവരം	രേഖപ്പെടുത്തിയ ഒരു ദിവസത്തെ വിറ്റുവരവ്	ലൈസൻസ് ഫീസ്
1	10/329	കൃഷ്ണ ഫ്യൂവൽസ്	40000	2000
2	6/607	ദേവി ഇൻഡസ്ട്രീസ്	4000	2000
3	8/584	മരിയൻ ഇൻഡസ്ട്രീസ്	രേഖപ്പെടുത്തിയിട്ടില്ല	2000
4	14/363	കട്ടൂസ് ഹോളോബ്രിക്സ്	500	2000
5	1/386	താമരയ്യത്ത് കോൺക്രീറ്റ് പ്രോഡക്ട്സ്	15000	2000
6	11/437, 438	ഡിവൈൻ ആയുർവ്വേദിക്ക് ഹെറിറ്റേജ്	രേഖപ്പെടുത്തിയിട്ടില്ല	1000

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7-ൽ ഏതൊരു ലൈസൻസിനും II- ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടിക II-ൽ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്ന ഫീസ് പറഞ്ഞിട്ടുണ്ട്. വ്യാപാരികളിൽ നിന്നും കൃത്യമായ വിറ്റുവരവിന്റെ വിവരം ലഭ്യമാക്കി ആയതിന്റെയടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2-6 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം. 149). എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 11 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ആയതിനാൽ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകുന്നു. ഇവരിൽ നിന്നും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-7 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫാമുകൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കന്നുകാലി, ആട്, കോഴി ഫാമുകൾ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല. ചട്ടം 3 പ്രകാരം 5 എണ്ണത്തിൽ കൂടുതൽ കന്നുകാലികളെയോ, 20 എണ്ണത്തിൽ കൂടുതൽ ആടുകളെയോ 100 എണ്ണത്തിൽ കൂടുതൽ പക്ഷികളെയോ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. മൃഗാശുപത്രിയിൽ നിന്നുമുള്ള വിവരങ്ങൾ പ്രകാരം ഇത്തരത്തിലുള്ള 13 ഫാമുകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയൊന്നുംതന്നെ ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല. ഇതിനാൽ ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിൽ ലഭിക്കുമായിരുന്ന തുക വർഷങ്ങളായി നഷ്ടപ്പെടുന്നു. ഈ ഫാമുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2-8 പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസ് ഈടാക്കുന്നില്ല - പഞ്ചായത്തിന് വരവ് നഷ്ടം

വില്പന സാധനങ്ങൾ പ്ലാസ്റ്റിക്ക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസ് ഈടാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. ഇതിനാൽ തനതുവരുമാനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, ഇത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 24.09.2016 ലെ 576/സി.സി.1/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ മാർഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം വിൽപന സാധനങ്ങൾ പ്ലാസ്റ്റിക്ക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ബൈലോ തയ്യാറാക്കി നിശ്ചയിച്ച ഫീസ് ഇവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസ് ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് 24.09.16-ലെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. മാതൃകാ ബൈലോയും സർക്കാർ പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-9 ടെണ്ടർ ഫീസ് ഇനത്തിൽ തിരികെ ലഭിക്കാനുള്ളത് 5.21 ലക്ഷം രൂപ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17, 2017-18 വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് തിരികെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി.) 429/2015/ഫിൻ., തീ.28-09-2015നമ്പർ ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ). പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് 2017-18 വർഷം 79 മരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെണ്ടർ സമർപ്പിച്ച കരാറുകാർ താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസ് പത്തനംതിട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ലഭിച്ച ടെണ്ടറുകളുടെ എണ്ണം	ടെണ്ടർ ഫീസ്	ആകെ തുക
1.	53	വരട്ടുചിറ ചാങ്ങോട്ട്മൂല അമ്പാടി പടി റോഡ്	1000000	2	2000	4000
2.	54	മോസ്കോ - ചെറിലയം റോഡ് റീടാറിംഗ്	474000	2	950	1900
3.	55	വല്യയ്യത്ത്പടി - ഹോളിക്രോസ് റോഡ് റീടാറിംഗ്, പുനരുദ്ധാരണം രണ്ടാം ഘട്ടം	2000000	3	2500	7500
4.	56	കുഴിവിളപ്പടി ദേവരുക്ഷേത്രം മാവരപുഞ്ച റോഡ് റീടാറിംഗ്, പുനരുദ്ധാരണം	1967300	3	2500	7500
5.	57	പന്തപ്ലാവിളപ്പടി കലവറപ്പടി റോഡ് പുനരുദ്ധാരണം	881500	2	1770	3540
6.	58	പാലനിർക്കുന്നതിൽ കോളനി റോഡ് പുനരുദ്ധാരണം	565624	3	1140	3420
7.	59	കുഴിയയ്യത്തുപടി - ചൂരക്കൽ കുളം റോഡ് ടാറിംഗ്	1231100	3	2500	7500
8.	60	ഗണപതിപ്പടി - തോട്ടനാൽ കരോട്ട് വയൽ ഏലാ റോഡ് ടാറിംഗ്, പുനരുദ്ധാരണം	985800	2	1980	3960
9.	61	കുരിക്കാട്ടുപടി മോടിപ്പടി ചക്കിയത്ത് പടി റോഡ് ടാറിംഗ്	589400	3	1180	3540
10.	62	കളിയ്ക്കൽപടി മേനക്കാലപടി റോഡ് ടാറിംഗ്	1099300	2	2500	5000
11.	63	തെങ്ങുംതോട്ടത്തിൽ - നെടുപുറത്ത്പടി റോഡ് ടാറിംഗ് രണ്ടാം ഘട്ടം	1576050	3	2500	7500
12.	64	മാമ്മൂട് ആമ്പിശ്ശേരി റോഡ് ടാറിംഗ്	587700	2	1180	2360
13.	65	ചാങ്ങാട്ടുമൂല – തോണ്ടലിൽപടി ഏലാ റോഡ് ടാറിംഗ്	785500	3	1580	4740
14.	66	തെങ്ങുംവിളപടി മൈനാപ്പള്ളിക്ഷേത്രം റോഡ് പുനരുദ്ധാരണം	1084741	4	2500	10000
15.	67	മണലാടിപടി ചാരുവിള കിഴക്കേതിൽപടി പുനരുദ്ധാരണം	765912	4	1540	6160
16.						

	68	ചരുവിളപ്പടി മലയുടെ തെക്കേതിൽപടി ടാറിംഗ്, പുനരുദ്ധാരണം	1037000	3	2500	7500
17.	69	മിനി സ്റ്റേഡിയം വയലിറക്കത്ത് ഏലാ റോഡ് പുനരുദ്ധാരണം	556002	3	1120	3360
18.	74	എൻ.എസ്.എസ്.എച്ച്.എസ്. തച്ചക്കോട്ട് ഏലാ റോഡ് സംരക്ഷണം	400000	3	800	2400
19.	75	മാമ്മൂട് പോത്രാട് റോഡ് ചപ്പാത്ത് നിർമ്മാണം	168984	2	500	1000
20.	76	ആനക്കുഴിപ്പടി - വിളവിനാൽപടി റോഡും, കുറ്റിയിൽപടി റോഡും, വാട്ടർ ടാങ്ക് റോഡ് പുനരുദ്ധാരണം	1786706	2	2500	5000
21.	77	കണക്കപ്പിള്ളേത്ത് ഏലാ റോഡ് പുനരുദ്ധാരണം	198758	4	500	2000
22.	80	പുലിക്കുളത്ത്പടി - നെയ്ത്തുകാരൻ പടി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം	277302	2	560	1120
23.	81	ഐക്കാടൻ മേലേ മുറി ഏലാ റോഡ് പുനരുദ്ധാരണം	91253	3	500	1500
24.	82	വടശ്ശേരിഇല്ലം ആര്യാട്ടേത്തുപടി റോഡ് പുനരുദ്ധാരണം	630001	3	1260	3780
25.	83	കൊറ്റിനാട്ടുപടി തറയിൽ പീടികയിൽ ഏലാ റോഡ് പുനരുദ്ധാരണം	434434	3	870	2610
26.	84	ചെറിലയം - കുളത്തിൻകരോട്ട് റോഡ് പുനരുദ്ധാരണം	954400	2	1910	3820
27.	85	ആനന്ദപ്പള്ളി - കുണ്ടുമുരുപ്പ് റോഡ് പുനരുദ്ധാരണം	340000	3	680	2040
28.	86	നെല്ലിമുകളിൽപടി - പന്തപ്ലാവിൽപടി റോഡ് ടാറിംഗ്	1312300	4	2500	10000
29.	87	പട്ടോട്ടിൽപടി - ഹരിഭവനം ഏലാ റോഡ് പുനരുദ്ധാരണം	1492200	2	2500	5000
30.	88	സംഘമന്ദിരം - ആര്യാട്ടുപടി ഒരിപ്പുറം റോഡ് (ആറ്റുവാശ്ശേരി) പുനരുദ്ധാരണം	94499	2	500	1000
31.	91	പ്ലാവിലപ്പടി - കക്കാട്ടുതോണ്ടലിൽ പടി റോഡ് രണ്ടാംഘട്ടം പുനരുദ്ധാരണം	400000	3	800	2400
32.	92	മേത്തുണ്ടിൽപടി - രാജേന്ദ്രഭവനം റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടം	908522	2	1820	3640
33.	93	വാക്കോട്ടിൽപടി - കലതിവളപടി റോഡ് പുനരുദ്ധാരണം	453152	4	910	3640
34.	94	കൃഷ്ണഭവനം ഏലാ റോഡ് പുനരുദ്ധാരണം	424370	3	850	2550
35.	96	വാഴക്കുട്ടത്തിൽപടി റോഡ് പുനരുദ്ധാരണം	262588	4	530	2120
36.	97	വിപഞ്ചികപ്പടി - സെറ്റിൽമെന്റ് കോളനി റോഡ് പുനരുദ്ധാരണം	297588	2	600	1200
37.	110	ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ	928300	2	1860	3720
38.	112	വൃദ്ധനങ്ങളുടെ പകൽ വീട് വൈദ്യുതീകരണം	64000	2	500	1000
39.	113	നോമ്പുഴി ഗവ.എൽ.പി.എസ്സ്. ആഡിറ്റോറിയം വൈദ്യുതീകരണം	70000	2	500	1000
40.	114	പാറക്കര കുടുംബശ്രീ വിപണനകേന്ദ്രം വൈദ്യുതീകരണം	70000	2	500	1000
41.	115	തോലുഴം സബ് സെന്റർ വൈദ്യുതീകരണം	70000	2	500	1000
42.	116	ഹോമിയോ ഡിസ്പൻസറി ഓഫീസ് വൈദ്യുതീകരണം	70000	2	500	1000
43.	117	മൃഗാശുപത്രി കെട്ടിടം ഹാൾ വൈദ്യുതീകരണം	70000	2	500	1000
44.	118	അങ്കണവാടി നം.64 -ന് അനുബന്ധ സൗകര്യം ഒരുക്കൽ	200000	2	500	1000
45.	119	പാറക്കര മിനിസ്റ്റേഡിയം പുനരുദ്ധാരണം, ചുറ്റുമതിൽ നിർമ്മാണം	529217	5	1060	5300
46.	120	സ്കൂളുകളിലെ കഞ്ഞിപ്പുരകളുടെ അസ്പറ്റോസ് ഷീറ്റ് മാറ്റിയിടൽ, പുനരുദ്ധാരണം	300000	2	600	1200
47.	123	ഐ.എച്ച്.ഡി.പി. കോളനി വെള്ളയിൽപടി മടുക്കുവിള കോളനി റോഡ് കോൺക്രീറ്റിംഗ്	689929	4	1380	5520
48.	124	പ്ലാവിളകുറ്റിപ്പടി - മഞ്ജുവിഹാർ റോഡ് പുനരുദ്ധാരണം	257940	3	520	1560

49.	125	കിഴക്കേക്കരപ്പടി - അനിൽഭവനം റോഡ് പുനരുദ്ധാരണം	304021	4	610	2440
50.	127	പാംഗ്രോവ് - മലയുടെ വടക്കേതിൽപടി റോഡ് പുനരുദ്ധാരണം	266383	3	540	1620
51.	128	മീനത്തേകുറ്റിപ്പടി - രഞ്ചിത്ത് ഭവനം റോഡ് പുനരുദ്ധാരണം	629989	2	1260	2520
52.	129	പ്ലാപ്പള്ളിപടി കാവിന്റെ കിഴക്കേതിൽപടി റോഡ് പുനരുദ്ധാരണം	206372	2	420	840
53.	130	കടലൂർപടി ഏലാ റോഡ് പുനരുദ്ധാരണം	305961	3	620	1860
54.	132	അങ്കണവാടി കെട്ടിട നിർമ്മാണം	1024990	3	2500	7500
55.	144	ആനക്കാരൻകുന്നേൽപടി - കാവുള്ളതിൽപടി റോഡ് പുനരുദ്ധാരണം	303886	3	610	1830
56.	146	ഐശ്വര്യപ്പടി - കാവിക്കേതിൽപടി റോഡ് പുനരുദ്ധാരണം	577295	4	1160	4640
57.	148	മേമുറിപ്പടി -ചൈതന്യപ്പടി റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടം	291275	2	590	1180
58.	150	എസ്.വി.എച്ച്.എസ്. ഏലാ റോഡ് പുനരുദ്ധാരണവും, കലുങ്ക് നിർമ്മാണവും	730000	2	1460	2920
59.	212	തോലുഴം മാർക്കറ്റ് സ്റ്റാൾ നവീകരണം	262522	3	530	1590
60.	215	നാലുതുണ്ടിൽപടി പൂന്തലയ്യത്ത് പടി ഏലാ റോഡ് പുനരുദ്ധാരണം	425000	2	850	1700
61.	216	വാലുവിള തെക്കേതിൽപടി വല്ല്യയ്യത്ത്പടി റോഡ് പുനരുദ്ധാരണം	200000	2	500	1000
62.	217	പുല്ലംവേലി പടി ഏലാ റോഡ് പുനരുദ്ധാരണം	200000	2	500	1000
63.	218	കണിച്ചേരിപടി ഏലാ റോഡ് പുനരുദ്ധാരണം	250000	2	500	1000
64.	219	പെരുമ്പ്രാൽ വടക്കേതിൽപടി വല്ല്യയ്യത്ത്പടി റോഡ് പുനരുദ്ധാരണം	200000	2	500	1000
65.	220	ഐശ്വര്യപടി കാവിന്റെ കിഴക്കേതിൽപ്പടി റോഡ് പുനരുദ്ധാരണം	370000	2	740	1480
66.	221	അശ്വതിപ്പടി കണ്ണേത്ത്പടി ഏലാ റോഡ് പുനരുദ്ധാരണം	375000	2	750	1500
67.	222	പുതുപുരയ്ക്കൽ പടി ആഴാന്തമുരുപ്പ് റോഡ് പുനരുദ്ധാരണം	200000	2	500	1000
68.	223	ചരുവിളപ്പടി തിരുവിനാൽപടി റോഡ് പുനരുദ്ധാരണം	100000	2	500	1000
69.	224	ചെന്നായ്ക്കുന്ന് കോളനി സ്റ്റെപ്പ് പുനരുദ്ധാരണം	350000	2	700	1400
70.	225	സൊസൈറ്റിപടി അരയകോടിക്കൽ റോഡ് കലുങ്ക് നിർമ്മാണം	240000	2	500	1000
71.	226	നെടിയമണ്ണിൽ ഏലാ റോഡ് പുനരുദ്ധാരണം	300000	2	600	1200
72.	232	ആനന്ദപ്പള്ളി ചെന്നായ്ക്കുന്ന് കോളനി പോത്രാട് റോഡ് പാർശ്വ സംരക്ഷണഭിത്തി നിർമ്മാണം	1252240	3	2500	7500
73.	233	ചാങ്ങോട്ട്മൂല തോണ്ടലിൽപടി റോഡിൽ ചപ്പാത്ത് നിർമ്മാണം	150000	2	500	1000
74.	234	വാഴക്കൂട്ടത്തിൽപടി - ഏലാ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം	55016	2	500	1000
75.	235	തോലുഴം മാർക്കറ്റ് മൃഗാശുപത്രി പി.എച്ച്.സി. സബ് സെന്റർ മതിൽ നിർമ്മാണം	108261	2	500	1000
76.	236	54-ാം നമ്പർ അങ്കണവാടി മേൽക്കൂര, ചുറ്റുമതിൽ അറ്റകുറ്റപ്പണി	182267	2	500	1000
77.	237	ചൈതന്യപ്പടി - കീച്ചേരിപ്പടി ഏലാ റോഡ് പുനരുദ്ധാരണം	127000	2	500	1000
78.	239	57-ാം നമ്പർ അങ്കണവാടി പൂർത്തീകരണവും ചുറ്റുമതിൽ നിർമ്മാണവും	680000	2	1360	2720
79.	241	പുല്ലംവേലിപ്പടി പാണന്റയ്യത്തുപടി റോഡ് പുനരുദ്ധാരണം	394924	2	790	1580
		ആകെ				230620

2016-17വർഷം 59 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസായ 290480 രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളത് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 2016-17 വർഷത്തെ ഓഡിറ്റ്

റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ തുക തിരികെ ഈടാക്കിയിട്ടില്ല. 2016-17, 2017-18 വർഷങ്ങളിൽ ടെണ്ടർ ഫീസ് ഇനത്തിൽ ഈടാക്കിയ 521100 രൂപ പത്തനംതിട്ട എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും വകമാറ്റി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഈ വഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി - അവലോകനം

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഒരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലും നടത്തുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക തുടങ്ങിയവവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. കൃഷി അനുബന്ധ മേഖലകൾ, മൃഗസംരക്ഷണവും, ക്ഷീരവികസനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിടം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്നു.

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം എന്ന നിലയിൽ അടുത്ത അഞ്ച് വർഷം പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ഒരു സമഗ്ര കാഴ്ചപ്പാട് രൂപീകരിക്കുകയും, ദീർഘവീക്ഷണത്തോടെ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടത് പഞ്ചായത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. വിവിധ വികസന മേഖലകൾ അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ അപഗ്രഥിച്ച് അവസ്ഥാ രേഖ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നുവെന്നത് ഉറപ്പുവരുത്തുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സാധിച്ചിട്ടില്ല. കാർഷിക മേഖലയിൽ വില വർദ്ധനവിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നില്ല. തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനും, കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനും, പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പൊതുമരാമത്ത് മേഖലയിൽ ആവിഷ്കരിച്ച ഭൂരിഭാഗം പദ്ധതികളും നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിച്ചതും, വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം ഒഴിവാക്കിയതും നല്ല പ്രവണതയാണ്. വർഷങ്ങളായി വൈദ്യുതീകരണം പൂർത്തിയാക്കാതിരുന്ന കെട്ടിടങ്ങൾ വൈദ്യുതീകരിച്ച് ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്.

പഞ്ചായത്ത് അനിവാര്യമായും നടപ്പിലാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ശ്മശാനം, അറവു ശാല എന്നിവ സ്ഥാപിക്കുന്നതിനോ, ഫലപ്രദമായ ഖരമാലിന്യ പരിപാലന പരിപാടികൾ നടപ്പിലാക്കുന്നതിനോ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും, മോണിട്ടറിംഗിലും ജാഗ്രത പുലർത്താതിരുന്നതു മൂലം പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചകളും, അപാകതകളും തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്നു.

3-2 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ അപാകത

ഓഡിറ്റ് വർഷം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ ചുവടെ ചേർക്കുന്ന രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്	ചെക്ക് നം./ട്രഷറി ബിൽ നം.
S0143/18	തെരുവ് വിളക്കുകളുടെ മെയിന്റനൻസ്	150000	65000	96167/30.03.18
S0141/18	തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളും, എൽ.ഇ.ഡി. ബൾബ് വാങ്ങലും	450000	242749	23/17-18/11.12.17 (₹149989) 23671/23.12.17 (₹15850) 6675717/13/03/18 (₹76910)

	ആകെ		307749	

ടി പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

തെരുവ് വിളക്കുകളുടെ മെയിന്റനൻസ് ക്വട്ടേഷൻ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രോക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള സാധനങ്ങളും, സേവനങ്ങളും വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ടെണ്ടർ ക്ഷണിച്ചുവേണം നടത്താൻ. ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിന പത്രത്തിലും പരസ്യം നൽകണം. എന്നാൽ ഈ പ്രോജക്ടിന്റെ കാര്യത്തിൽ ടെണ്ടർ ഫീസ്, ഇ.എം.ഡി. എന്നിവ ഈടാക്കി ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് കരാർ നൽകിയതിനാൽ മത്സര സ്വഭാവമുള്ള മതിയായ എണ്ണം ടെണ്ടറുകൾ ലഭിക്കാതെ പോയി.

ക്വട്ടേഷൻ ക്ഷണിച്ചതിൽ രണ്ട് ക്വട്ടേഷനുകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ കുറഞ്ഞ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ സജീവ് കെ. എന്നയാളിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. സിംഗിൾ ട്യൂബ് ലൈറ്റിന് 139 രൂപ നിരക്കിലും, എൽ.ഇ.ഡി. ബൾബ് 100 രൂപ നിരക്കിലും തെരുവ് വിളക്കുകൾ കേടുപാട് തീർത്ത് പ്രകാശിപ്പിക്കുന്നതിനാണ് ടിയാന് കരാർ നൽകിയിരുന്നത്. എന്നാൽ തെരുവ് വിളക്കുകളുടെ കേടുപാട് തീർക്കുന്നതിനു പകരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളുടെ ഭാഗമായി വാങ്ങിയ 650 എൽ.ഇ.ഡി. ബൾബുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് കരാറുകാരൻ ചെയ്തിട്ടുള്ളത്.

ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് കൈകാര്യം ചെയ്തത് ക്രമപ്രകാരമല്ല. അറ്റകുറ്റപ്പണികളുടെ കരാറെടുത്തയാൾക്ക് കൈപ്പറ്റ് രസീത് വാങ്ങി സാധനങ്ങൾ ഇഷ്യൂ ചെയ്യുന്നതിന് പകരം വാർഡ് മെമ്പർമാർക്ക് സാധനങ്ങൾ തുല്യമായി വീതിച്ചു നൽകിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ സൂക്ഷിച്ചിട്ടുള്ളതിൽ കൃത്യതയില്ല. വാങ്ങിയ 650 എൽ.ഇ.ഡി. ബൾബുകളിൽ 645 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതായി രജിസ്റ്ററിൽ കാണിച്ചിട്ടുള്ളത്. ബാലൻസ് സ്റ്റോക്കിന്റെ വിവരം ഇല്ല. പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുള്ള മറ്റ് ഉപകരണങ്ങളുടെ വിതരണത്തിലും പൊരുത്തക്കേടുകൾ ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വാങ്ങിയ എണ്ണം	സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത എണ്ണം	വ്യത്യാസം (-/+)
എൽ.ഇ.ഡി.ബൾബ്	650	645	(-)5
അലൂമിനിയം ഷേഡ്	350	417	(+)67
ബ്രാസ് ഹോൾഡർ	402	462	(+)60

തെരുവ് വിളക്കിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ കേടായ ഉപകരണങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസീൽ ചെയ്യുന്നുവെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ആവിഷ്കരിച്ചിട്ടുള്ള പ്രോജക്ടുകളുടെ അടങ്കൽ നിശ്ചയിച്ചിട്ടുള്ളതും യുക്തിസഹമായല്ല. പ്രോജക്ടുകൾക്ക് വകയിരുത്തിയ തുകയിൽ യഥാക്രമം 43-ഉം, 54-ഉം ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ടി അപാകതകൾക്ക് വിശദീരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/27.09.18) അധികൃതർ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

3-3 ഗ്രാമപഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ - പദ്ധതി നിർവ്വഹണത്തിൽ ഗുരുതര അപാകത

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോ.നം.11/18 പ്രകാരം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടാണ് ഗ്രാമപഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ. പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 559193 രൂപയും തനത് ഫണ്ടിൽനിന്നും 20000 രൂപയും ഉൾപ്പടെ ആകെ 579193 രൂപയായിരുന്നു അടങ്കൽ വകയിരുത്തിയിരുന്നത്. പ്രോജക്ടിന്

വികസനഫണ്ടിൽനിന്നും വകയിരുത്തിയ 559193 രൂപയും, തനത് ഫണ്ടിൽനിന്നും 19967 രൂപയും ഉൾപ്പടെ ആകെ 579160 രൂപ ചെലവഴിച്ചു. പദ്ധതി പ്രകാരം ഓഫീസ് സജ്ജീകരിക്കുന്നതിന് എം.ഡി.എഫ്. ഉപയോഗിച്ച് 10ക്യൂബിക്കിൾ നിർമ്മിക്കുന്നതിന് 316020 രൂപയും സ്റ്റോർ റൂം ഷെൽഫ് (84.522 sqm.) നിർമ്മിക്കുന്നതിന് 263140 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. ARTCO Ltd. മുഖാന്തിരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കുന്നത് ക്രമപ്രകാരമല്ല. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എന്ന പേരിലുള്ള 5.79 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടിന്റെ നിർവ്വഹണ രീതി നേരിട്ടുള്ള നിർവ്വഹണം എന്നാണ് കാണിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, ധനകാര്യ വിശകലനം എന്നിവ പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്താതെ അപൂർണ്ണമായി തയ്യാറാക്കിയിട്ടുള്ള പ്രോജക്ടിന് വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയത് ക്രമപ്രകാരമല്ല.
2. സ.ഉ.(എം.എസ്.)നം.13/2015/ITD തീ. 12.05.15 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രൊക്യൂർമെന്റ് സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 5.79 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രോജക്ടിന്റെ കാര്യത്തിൽ ഓപ്പൺ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ടെണ്ടർ ക്ഷണിച്ചതിൽ മതിയായ എണ്ണം ടെണ്ടറുകൾ ലഭിച്ചിട്ടില്ല (രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്). പദ്ധതിയ്ക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ട് പത്ര പരസ്യം നൽകിയതിന്റെ രേഖകൾ ഒന്നുംതന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ കമ്മിറ്റി അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ രജിസ്റ്ററും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.
3. ലഭിച്ച ടെണ്ടറുകളുടെ വിവരം ടാബുലേറ്റ് ചെയ്ത് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയോ, കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. ടെണ്ടർ സമർപ്പിച്ചവരുടെ പ്രതിനിധിയുടെയും, സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കേണ്ടതാണെന്ന പ്രോക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥയും പാലിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ നടപടികൾ സുതാര്യമായും നടപടി ക്രമങ്ങൾ പാലിച്ചുമാണ് നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റിൽ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.
4. പദ്ധതി പ്രകാരം എം.ഡി.എഫ്. ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. നിർമ്മാണ പ്രവൃത്തിയുടെ സംഗതിയിൽ എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ഇ-ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തുന്നതിനു പകരം ഒരു പ്രൊക്യൂർമെന്റ് എന്ന രീതിയിൽ ഓപ്പൺ ടെണ്ടർ ക്ഷണിച്ച് യാതൊരു മാനദണ്ഡവുമില്ലാതെയാണ് ARTCO-യ്ക്ക് കരാർ നൽകിയത്. ചെയ്ത പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്താതെ സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ പ്രതിഫലവും നൽകി.
5. പ്രോജക്ടിന്റെ നിർവ്വഹണവും, പൂർത്തീകരണവും മോണിട്ടറിംഗിന് വിധേയമാക്കിയിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ടി പ്രോജക്ടിന്റെ നിർവ്വഹണം ഭരണവകുപ്പ് തലത്തിൽ വിശദമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതും, ARTCO നടത്തിയിട്ടുള്ള പ്രവൃത്തികളുടെ മൂല്യനിർണ്ണയം ഒരു ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തി പ്രവൃത്തിക്ക് ചെലവഴിച്ച തുക ന്യായയുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

3-4 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല – ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് 21.54 ലക്ഷം രൂപ

ഗ്രാമ പഞ്ചായത്ത് 2009-10 മുതൽ 2017-18 വരെ കാലയളവിൽ വാട്ടർ അതോറിറ്റി മുഖാന്തിരം ഡെപ്പോസിറ്റ് വർക്കാകയി ഏറ്റെടുത്തിട്ടുള്ള 2154045രൂപ അടങ്കലുള്ള 14 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. മുൻകൂർ നല്കിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ നിന്നും തുക അടവാക്കിയതല്ലാതെ സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തോ, നിർവ്വഹണ ഏജൻസികളോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. തുക അടവാക്കിയ ഏതെല്ലാം പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രോജക്ടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുവെന്നും ഗ്രാമ പഞ്ചായത്തിന് അറിവില്ലായെന്നതും ശ്രദ്ധേയമാണ്. ലഭ്യമായ രേഖകൾ പ്രകാരം പൂർത്തീകരണ വിവരം ലഭ്യമല്ലാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ	പ്രോജക്ട്	വർഷം	പ്രോജക്ട്	ഡെപ്പോസിറ്റ്

നം.	നം.			തുക
1.	151	2017-18	അംഗീകൃത കോളനികളിൽ/ സങ്കേതങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	557000
2.	208	2017-18	വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകൽ	185000
3.	181	2015-16	കുമ്പഴകുറ്റി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	46600
4.	156	2014-15	ഒരിപ്പുറം - ആയുർവേദാശുപത്രി റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	150000
5.	167	2014-15	പോളിടോക്നിക്ക് - എസ്സ്.എൻ.ടി.പി. റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	150000
6.	19	2013-14	ഇലവിനാൽ പടി - ചരിയത്ത് പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	150000
7.	92	2012-13	ഐക്കാടൻ മേലേമുറി കണ്ണമംഗലത്ത് റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	110000
8.	94	2012-13	കുമ്പഴകുറ്റി കോളനിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	70000
9.	122	2011-12	തോമ്പിൽപ്പടി മുകളേത്ത് പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	70000
10.	63	2009-10	ഒരിപ്പുറം ജി.എൽ.പി. ലേക്ക് കുടിവെള്ള പൈപ്പ് ലൈൻ	32625
11.	131	2009-10	പെരുമ്പുളിക്കൽ അയണിക്കൂട്ടം കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ	211620
12.	160	2009-10	പറപ്പെട്ടി മഠത്തിൽ തെക്കേതിൽപ്പടി - മൂർത്തിവിള കോളനി പൈപ്പ് ലൈൻ നീട്ടൽ	123000
13.	114	2009-10	കുനാണ്ടി കോളനിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	260000
14.	137	2009-10	പാലത്തടം മുക്കിൽ കുഴൽ കിണർ നിർമ്മാണം	38200
			ആകെ	**2154045**

ടി പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

3-5 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല; കരാറുകാരിൽനിന്നും പിഴ ഈടാക്കണം

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടില്ല.

ക്രമ നം.	പ്രോജക്ട് നം.	പ്രവൃത്തിയുടെ പേര്	അടങ്കൽ	കരാർ നം., തീയതി	കരാറുകാരന്റെ പേര്
1.					

	60	ഗണപതിപ്പടി - തോട്ടനാൽ കരോട്ട് വയൽ ഏലാ റോഡ് ടാറിംഗ്	985800	52/17-18 08.11.17	ശ്രീ അനൂപ് ജി.
2.	63	തെങ്ങുംതോട്ടത്തിൽ - നെടുപുറത്ത്പടി റോഡ് ടാറിംഗ് രണ്ടാംഘട്ടം	1576050	3/17-18 23.09.17	ശ്രീ കെ.ജെ. ബിജു
3.	64	മാമ്മൂട് ആമ്പിശ്ശേരി റോഡ് ടാറിംഗ്	587700	4/17-18 23.09.17	ശ്രീ കെ.ജെ. ബിജു
4.	76	ആനക്കുഴിപ്പടി - വിളവിനാൽപടി റോഡും, കുറ്റിയിൽപ്പടി റോഡും, വാട്ടർ ടാങ്ക് റോഡ് പുനരുദ്ധാരണം	1786706	55/17-18 10.11.17	ശ്രീ കൃഷ്ണകുമാർ
5.	119	പാറക്കര മിനി സ്റ്റേഡിയം പുനരുദ്ധാരണം, ചുറ്റുമതിൽ നിർമ്മാണം	529217	66/17-18 06.02.18	ശ്രീ ജയകുമാർ
6.	76	നാല്പതുണ്ടിൽപടി പൂന്തലയ്യത്ത്പടി ഏലാ റോഡ് പുനരുദ്ധാരണം	425000	76/17-18 19.02.18	ശ്രീ കൃഷ്ണകുമാർ
7.	219	പെരുമ്പ്രാൽ വടക്കേതിൽപടി വല്ല്യയ്യത്ത് പടി റോഡ് പുനരുദ്ധാരണം	200000	66/17-18 06.02.18	ശ്രീ ജയകുമാർ
8.	221	അശ്വതിപ്പടി കണ്ണേത്ത്പടി ഏലാ റോഡ് പുനരുദ്ധാരണം	375000	74/17-18 20.02.18	ശ്രീ. അനിൽകുമാർ ആർ.
9.	232	ആനന്ദപ്പള്ളി ചെന്നായ്ക്കുന്ന് കോളനി പോത്രാട് റോഡ് പാർശ്വസംരക്ഷണ ഭിത്തി നിർമ്മാണം	1252240	80/17-18 28.03.18	ശ്രീ പി.കെ.മുരളീധരകുറുപ്പ്
10.	233	ചാങ്ങോട്ട്മൂല തോണ്ടലിൽപടി റോഡിൽ ചപ്പാത്ത് നിർമ്മാണം	150000	81/17-18 28.03.18	ശ്രീ പി.കെ.മുരളീധരകുറുപ്പ്
11.	237	ചൈതന്യപ്പടി - കിച്ചേരിപ്പടി എലാ റോഡ് പുനരുദ്ധാരണം	127000	83/17-18 28.03.18	ശ്രീ പി.കെ. മുരളീധരകുറുപ്പ്
12.	241	പുല്ലംവേലിപ്പടി	394924	84/17-	ശ്രീ പി.കെ.

		പാണൻന്റയ്യത്തുപടി റോഡ് പുനരുദ്ധാരണം		18 31.03.18	മുരളീധരകുറുപ്പ്

കരാറുകാർ പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. മരാമത്ത് പ്രവർത്തികൾ യഥാസമയം നടപ്പിലാക്കാതിരിക്കുന്നതുമൂലം ഇവയ്ക്ക് വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന ഫണ്ടിന്റെ സമയബന്ധിതമായ വിനിയോഗം തടസ്സപ്പെടുക മാത്രമല്ല പദ്ധതി നടത്തിപ്പിലൂടെ ആർജ്ജിക്കാമായിരുന്ന മൂലധന ആസ്തികൾ താല്ക്കാലികമായെങ്കിലും സമൂഹത്തിന് നിഷേധിക്കപ്പെടുന്ന അവസ്ഥ സംജാതമാകുകയും ചെയ്യു. ടി കരാറുകാർക്കെതിരെ PWD മാന്വലിലെ പാര 2112 അനുസരിച്ചുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

3-6 കാർഷിക മേഖലയെ പാടെ അവഗണിച്ചു - ചെലവ് 16.14 ലക്ഷം രൂപ മാത്രം

2017-18 സാമ്പത്തിക വർഷം കാർഷിക മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകുന്നതിൽ പഞ്ചായത്ത് പൂർണ്ണമായും പരാജയപ്പെട്ടു. കേവലം 16,14,090 രൂപ മാത്രമാണ് കാർഷിക മേഖലയിൽ തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ഔദ്യോഗിക രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 358 ഹെക്ടർ നിലമുണ്ടെങ്കിലും 25 ഹെക്ടർ നിലത്തിൽ മാത്രമേ നെൽകൃഷിയുള്ളു. ആകെ 14 പാടശേഖരങ്ങൾ ഉള്ളതിൽ 5എണ്ണത്തിൽ മാത്രമേ നാമമാത്രമായെങ്കിലും കൃഷി നടക്കുന്നുള്ളു. കൃഷി യോഗ്യമായ ഭൂമി പഞ്ചായത്തിൽ ലഭ്യമാണെന്നിരിക്കെ ഭക്ഷ്യ വിളകളുടെ വിസ്തൃതി വർദ്ധിപ്പിച്ചും ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും ഉൽപ്പാദനവർദ്ധനവ് സാദ്ധ്യമാക്കുന്ന നടപടികൾ സ്വീകരിക്കാതിരുന്നത് ന്യായീകരിക്കാനാവില്ല. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 640840 രൂപയുടെ പദ്ധതിയാണ് ഓഡിറ്റ് വർഷം ഏറ്റെടുത്തിട്ടുള്ളത്. വാഴകൃഷി വികസനം, തെങ്ങു കൃഷി വികസനം, പച്ചക്കറി കൃഷി വികസനം എന്നീ പദ്ധതികൾക്കും നാമമാത്രമായ ചെലവുകളെ വന്നിട്ടുള്ളു. പദ്ധതി ആസൂത്രണ പ്രക്രിയയിലും നിർവ്വഹണത്തിലുമുള്ള പാളിച്ചയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വിവിധ വിഷയ മേഖലകളെ സംബന്ധിച്ച് സ്റ്റാറ്റസ് സ്റ്റഡി നടത്തിയത് പ്രകാരം, കാർഷിക മേഖലയുടെ വികസനത്തിനായി നിലവിലുള്ള തോടുകളുടേയും കുളങ്ങളുടേയും ആഴംകൂട്ടി വൃത്തിയാക്കുക, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തരിശ്ശായിക്കിടക്കുന്ന സ്ഥലങ്ങൾ കൃഷിയോഗ്യമാക്കി ജൈവകൃഷി ചെയ്യുക, അഗ്രോ സർവ്വീസ് സെന്റർ സ്ഥാപിച്ച് കാർഷിക യന്ത്രവൽക്കരണം സാധ്യമാക്കുക, നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി കരനെൽകൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങി കാർഷിക മേഖല അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളെ മനസിലാക്കി ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചെങ്കിലും ആയവയൊന്നും വാർഷിക പദ്ധതിയുടെ ഭാഗമാക്കി മാറ്റുവാൻ സാധിച്ചിട്ടില്ല. വരും വർഷങ്ങളിലെങ്കിലും കാർഷിക മേഖലയുടെ സമഗ്രവികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

3-7 മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയില്ല

ഓഡിറ്റ് വർഷം മാലിന്യ പരിപാലനത്തിന് ഏറ്റെടുത്ത രണ്ട് പ്രോജക്ടുകളും നടപ്പായില്ല. ത്രിതല പഞ്ചായത്തുകൾ വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 10 ശതമാനം മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിത കേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 10% തുക ഈ ഇനത്തിൽ വകയിരുത്തിയിരുന്നില്ല.

പ്രോജക്ട് നം.	പ്രോജക്ട്	അടങ്കൽ	ഫണ്ടിനം	ചെലവ്
238/18	മാലിന്യ സംസ്കരണ – തുമ്പൂർമൂഴി മോഡൽ പ്രോജക്ട്	420000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ഇല്ല
214/18	ഹരിത കർമ്മ സേന	46000 836600	പൊതുവിഭാഗം വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ഇല്ല

മാലിന്യ സംസ്കരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പ്രോജക്ടുകൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

3-8 വർക്ക് ബില്ലുകളിൽനിന്നും ഈടാക്കിയ സർവ്വീസ് ടാക്സ് തിരികെ ഒടുക്കണം

ഓഡിറ്റ് വർഷം നടപ്പിലാക്കിയ അങ്കണവാടികൾക്ക് കുടിവെള്ള കിണർ നിർമ്മാണം (180/18) എന്ന മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽനിന്നും ഈടാക്കി പഞ്ചായത്തിന്റെ ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള സർവ്വീസ് ടാക്സ് 10677 രൂപ ഓഡിറ്റ് തീയതിയിലും ഒടുക്കുവരുത്തിയിട്ടില്ല. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 01.03.2016-ലെ 09/16 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനോ വ്യവസായ, വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മറ്റ് നിർമ്മാണ പ്രവൃത്തികൾക്ക് സേവന നികുതി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ വിജ്ഞാപനം പരിഗണിക്കാതെയാണ് ടി പ്രവൃത്തിയുടെ വർക്ക് കോൺട്രാക്ടിന് സേവന നികുതി ഈടാക്കിയത്. ഈ ഇനത്തിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 10677 രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

3-9 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് യഥാസമയം ഒടുക്കിയില്ല – പിഴപലിശ 73010 രൂപ ഉത്തരവാദിയിൽനിന്നും ഈടാക്കണം

പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഓഡിറ്റ് വർഷം ആകെ 1814274 രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. ഇതിൽ 73010 രൂപ യഥാസമയം വെള്ളക്കരം ഒടുക്കാതിരുന്നതിനാൽ വാട്ടർ അതോറിറ്റി ചുമത്തിയ പിഴപലിശയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുടിശ്ശിക വരുത്തിയ മാസം	ഒടുക്കേണ്ടിയിരുന്ന തുക			ഒടുക്കിയ തുക
	ബിൽ തുക	പിഴപലിശ	ആകെ	
4/17	920794	16402	937196	0
5/17	1009821	18416	1028237	0
6/17	1100862	20196	1121058	400000
7/17	793683	14017	807700	608733
8/17	271212	3979	275191	275291
9/17	72625		72625	72625
10/17	72625		72625	72625
11/17	77000		77000	77000
12/17	77000		77000	77000
1/18	77000		77000	77000
2/18	77000		77000	77000
3/18	77000		77000	77000
ആകെ		73010		1814274

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മതിയായ ഫണ്ട് ലഭ്യമായിരിക്കെയാണ് തുക ഒടുക്കാതെ കുടിശ്ശിക വരുത്തിയത്. 4/17-ൽ കുടിശ്ശികയുണ്ടായിരുന്ന 920794 രൂപ ഏത് തീയതി മുതലുള്ള കുടിശ്ശികയാണെന്നതിന്റെ വിവരവും, പ്രസ്തുത കാലയളവിൽ ചുമതലയുണ്ടായിരുന്ന സെക്രട്ടറിമാരുടെ പേര് വിവരവും ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ വെള്ളക്കരം യഥാസമയം ഒടുക്കാതെ പഞ്ചായത്തിന് ബാദ്ധ്യതവരുത്തിയ ഉദ്യോഗസ്ഥനിൽനിന്നും പിഴപലിശ നൽകിയ 73010 രൂപ ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3-10 ജീവനക്കാരിൽനിന്നും സർക്കാർ നിശ്ചയിച്ച നിരക്കിൽ SLI പ്രീമിയം ഈടാക്കിയില്ല

പുതുക്കിയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻ പദ്ധതിയ്ക്ക് ബാധകമായ ജീവനക്കാരുടെ ശമ്പള പരിധി, പ്രതിമാസ പ്രീമിയം തുക എന്നിവ ചുവടെ ചേർക്കും പ്രകാരം പുതുക്കിയിട്ടുണ്ട്.

ശമ്പള പരിധി (പുതുക്കിയ ശമ്പള സ്കെയിൽ പ്രകാരം)	പുതുക്കിയ പ്രതിമാസ പ്രീമിയം നിരക്ക് രൂപയിൽ
അടിസ്ഥാന ശമ്പളം 17,999/- രൂപ വരെ	200/-
അടിസ്ഥാന ശമ്പളം 18,000/- രൂപ മുതൽ 35,699/- രൂപ വരെ	300/-
അടിസ്ഥാന ശമ്പളം 35,700/- രൂപ മുതൽ 55,349/- രൂപ വരെ	500/-
അടിസ്ഥാന ശമ്പളം 55,350/- രൂപ മുതൽ	600/-

പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ ശ്രീമതി സബീന ബീവി, എച്ച്.സി., ശ്രീമതി സുധ വി.വി., സീനി.ക്ലാർക്ക് എന്നിവർ മേൽ പറഞ്ഞ നിരക്കിൽ എസ്.എൽ.ഐ. പ്രീമിയം പുതുക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	അടിസ്ഥാന ശമ്പളം	ഒടുക്കേണ്ട പ്രീമിയ തുക	ഒടുക്കുന്ന തുക	പ്രീമിയം പുതിക്കി നിശ്ചയിച്ച സർക്കാർ ഉത്തരവ്
ശ്രീമതി സബീന ബീവി, എച്ച്.സി.	33900	300	150	സ.ഉ. (അച്ചടി)നം.149/16/ ധന, തീ. 04.10.2016
ശ്രീമതി സുധ വി.വി., സീനി.ക്ലാർക്ക്	29200	300	200	

ടി ജീവനക്കാരുടെ SLI പ്രീമിയം നിശ്ചിത നിരക്കിൽ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

3-11 ആശ്രയ പദ്ധതിയുടെ ഭാഗമായി ഭൂമി ലഭിച്ചവർ ഭവന നിർമ്മാണം നടത്തിയില്ല; പൊതു ഖജനാവിൽനിന്നുള്ള 90000 രൂപയുടെ ചെലവ് നിഷ്ഫലം

ഒന്നാം ഘട്ട ആശ്രയ പദ്ധതി പ്രകാരം ഭൂരഹിതരായ 5 ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിരുന്നു. ഇവരിൽ ചുവടെ ചേർക്കുന്ന 2 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിച്ചില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	വിഭാഗം	നൽകിയ തുക	ചെക്ക് നം., തീ.	റിമാർക്സ്
1	അമ്മിണി അമ്മാൾ പടിഞ്ഞാറേഭാഗത്ത് വീട്ടിൽ പറന്തൽ, ചെറിലയം	ജനറൽ	45000	065223/24.08.09	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
3	സുജാത കളവിട്ടതിൽ മേലേതിൽ പടുകോട്ടുക്കൽ	എസ്.സി.	45000	183601/12.11.09	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചവർ ഭവന നിർമ്മാണം നടത്താത്തതിനാൽ ഈ ഇനത്തിൽ പൊതു ഖജനാവിൽനിന്നും മുടക്കിയ തുക നിഷ്ഫലമായിരിക്കുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഉചിതമായ തുടർ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

3-12 ആസ്തികൾ അന്യാധീനപ്പെട്ടു

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ അന്യാധീനപ്പെട്ടിട്ടുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) വനിതാ സാംസ്കാരിക കേന്ദ്രം, പൊങ്ങലടി

പൊങ്ങലടി വാർഡിൽ (വാർഡ് 12) മാവിളപടി കനകവിലാസം റോഡിൽ കെ.ഐ.പി. കനാലിനോട് ചേർന്ന് 5 സെന്റ് (2.28 ആർ.) സ്ഥലത്ത് രണ്ട് മുറികളും വരാന്തയും, ടോയ് ലറ്റും ഉള്ള 69 ച.മീ. കോൺക്രീറ്റ് കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ വനിതാ സാംസ്കാരിക കേന്ദ്രം എന്ന പേരിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആസ്തി രജിസ്റ്റർ പ്രകാരം 2002 വർഷമാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ മൂല്യം കണക്കാക്കിയിരിക്കുന്നത് 2.5 ലക്ഷം രൂപയാണ്. നിലവിൽ ഈ കെട്ടിടത്തിൽ ഒരു സ്വകാര്യ വ്യക്തി തയ്യൽ യൂണിറ്റ് നടത്തിവരികയാണ്. വാടക നൽകിയാണ് തയ്യൽ യൂണിറ്റ് പ്രവർത്തിക്കുന്നതെന്ന് യൂണിറ്റ് നടത്തുന്ന സ്ത്രീ ഭൗതിക പരിശോധനാ വേളയിൽ ഓഡിറ്റിനെ അറിയിച്ചു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ഈ പൊതുകെട്ടിടം എപ്രകാരമാണ് ഒരു സ്വകാര്യ വ്യക്തിക്ക് ഉപയോഗത്തിന് വാടകയ്ക്കുനൽകിയതെന്നും, കെട്ടിടത്തിന്റെ വാടക ആരാണ് പിരിക്കുന്നതെന്നും അന്വേഷണത്തിൽ വ്യക്തമായിട്ടില്ല. പഞ്ചായത്തിന്റെ അറിവോ, തീരുമാനമോ ഇല്ലാതെയാണ് ചി അന്യ വ്യക്തികൾ കെട്ടിടത്തിന്റെ നിയന്ത്രണം കൈയ്യാളുന്നതെന്നാണ് വ്യക്തമായിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ടി കെട്ടിടം പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

(2) ദേശാഭിവർദ്ധിനി മഹിളാ സമാജം, പെരുമ്പുളിക്കൽ

ഈ കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടം സ്ഥിതി ചെയ്യുന്ന സർവ്വേ നമ്പർ, സ്ഥലം കെട്ടിടത്തിന്റെ തരം, ഫ്ലോർ ഏരിയ തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ ഇല്ല. പെരുമ്പുളിക്കൽ പുലിയംമഠം ക്ഷേത്രത്തിനോട് ചേർന്ന് ഉദ്ദേശ്യം 5 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ ഓടിട്ട കെട്ടിടമാണ് പ്രസ്തുത ദേശാഭിവർദ്ധിനി മഹിളാ സമാജം എന്നാണ് പഞ്ചായത്ത് അധികൃതർ ഓഡിറ്റിന് നൽകിയ വിവരം. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഈ കെട്ടിടം നിലവിൽ മന്നംനഗർ മഹിളാ സമാജമെന്ന പേരിലാണ് അറിയപ്പെടുന്നത് വ്യക്തമായിട്ടുണ്ട്. പഞ്ചായത്തിലെ ഒരു മുൻ മെമ്പറായ ശ്രീ മുരളീധരൻ ഒരു സ്വകാര്യ പണമിടപാട് സ്ഥാപനം ഇവിടെ നടത്തി വരുന്നതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ കാണാൻ സാധിച്ചു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഈ കെട്ടിടത്തിന് സമാജം സെക്രട്ടറിയുടെ പേരിൽ കെട്ടിട നമ്പരിട്ട് (കെട്ടിട നം.I/247) കരം ഒടുക്കി ടിയാൾ കൈവശം വെച്ച് അനുഭവിക്കുന്നതായാണ് ഓഡിറ്റ് നടത്തിയ പരിശോധനയിൽ കാണുന്നത്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഈ കെട്ടിടത്തിന് ഒരു അന്യ വ്യക്തിയുടെ പേരിൽ കരം ഒടുക്കുന്നതിന് സാഹചര്യം സൃഷ്ടിച്ചത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അലംഭാവും, കെടുകാര്യസ്ഥതയുമായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

മേൽ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ടി ആസ്തികളുടെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും, ഇവ പഞ്ചായത്തിന് അവകാശപ്പെട്ടതാണെങ്കിൽ പഞ്ചായത്തിന്റെ അധീനതയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3-13 ഗ്രാമ കേന്ദ്രങ്ങൾക്കുവേണ്ടി വാങ്ങിയ ഫർണിച്ചറുകൾ ഉപയോഗപ്പെടുത്തിയില്ല; 129760 രൂപയുടെ പാഴ്ചെലവ്

ഒന്നാം വാർഡിലെ ഇൻഫോർമേഷൻ സെന്ററിൽ സൂക്ഷിച്ചിട്ടുള്ള ഫർണിച്ചർ

ഗ്രാമസഭകളുടെ ആസ്ഥാനമെന്ന നിലയിൽ എല്ലാ വാർഡുകളിലും ഒരു ഗ്രാമകേന്ദ്രം സ്ഥാപിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു [സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ., തീ.16.11.2013]. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.230/15 പ്രകാരം 129760 രൂപ ചെലവഴിച്ച് ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഒരു വാർഡിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടില്ലെന്നാണ് ഓഡിറ്റിന് ലഭിച്ചിട്ടുള്ള വിവരം. ഗ്രാമകേന്ദ്രങ്ങൾക്കുവേണ്ടി വാങ്ങിയ ഫർണിച്ചറിന്റെ അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭിച്ചിട്ടില്ല. വാങ്ങിയ ഫർണിച്ചറിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ, ഇവ ആർക്ക് എന്ന് വിതരണം ചെയ്തു എന്ന വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ പഞ്ചായത്തിലെ 1-ാം വാർഡിലെ ഗ്രാമ കേന്ദ്രത്തിനായി വിതരണം ചെയ്ത ഫർണിച്ചർ (അലമാര, മേശ, കസേര) പെരുമ്പുളിക്കലിൽ എസ്.ആർ.വി.യു.പി.എസി-ന് സമീപമുള്ള ലക്ഷം വീട് കോളനിയിലെ ഇൻഫർമേഷൻ സെന്ററിൽ വാങ്ങിയ നിലയിൽ പ്ലാസ്റ്റിക് കവറിംഗ് പോലും നീക്കാതെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു.

ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഈ ആവശ്യത്തിന് വാങ്ങിയ ഫർണിച്ചർ ഗ്രാമപഞ്ചായത്തിന്റെയോ, ഘടക സ്ഥാപനങ്ങളുടെയോ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്ന തായിരുന്നു. എന്നാൽ പൊതു ഖജനാവിൽനിന്നും ഗണ്യമായ തുക ചെലവഴിച്ച് വാങ്ങിയ ഫർണിച്ചർ ഉപയോഗപ്പെടുത്തുന്നതിനുള്ള യാതൊരു ശ്രമവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പൊതു ഖജനാവിൽനിന്നും മുടക്കിയ പണം പാഴാകാതിരിക്കുന്നതിന് ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്.

3-14 നിർമ്മാണം പൂർത്തിയാക്കിയ അങ്കണവാടി കെട്ടിടം ഉപയോഗിക്കുന്നില്ല

പഞ്ചായത്തിന്റെ 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 688000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി 64-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിൽ അങ്കണവാടിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കെട്ടിടം സംരക്ഷണം ഇല്ലാതെ കാടുകയറുന്ന സ്ഥിതിയിലാണ്.

ഒരു ആസ്തി ഉപയോഗക്ഷമമാക്കി സംരക്ഷിക്കാതിരിക്കുന്നത് ആ ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിക്കുന്ന പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്. മാത്രമല്ല ആസ്തി ഉപയോഗ ക്ഷമമാക്കാത്തതിനാൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാനും കഴിഞ്ഞിട്ടില്ല. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ഉപയോഗത്തിന് തുറന്ന് കൊടുക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

3-15 വൈദ്യൂതീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചില്ല

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾ വൈദ്യുതീകരിക്കുന്നതിന് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വൈദ്യുതീകരണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് സി.ഡി. ഒടുക്കി വൈദ്യുതി കണക്ഷൻ എടുക്കുന്നതിനാവശ്യമായ തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഇക്കാരണത്താൽ വൈദ്യൂതീകരണത്തിനുള്ള പ്രസ്തുത പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്	ചെലവിന്റെ വിവരം
1	113/18	നോമ്പുഴി ഗവ.എൽ.പി.എസ്സ്. ആഡിറ്റോറിയം വൈദ്യുതീകരണം	70000	69267	73/15.02.18
2	114/18	പാറക്കര കുടുംബശ്രീ വിപണന കേന്ദ്രം വൈദ്യുതീകരണം	70000	67924	75/15.02.18
3	115/18	തോലൂഴം സബ് സെന്റർ വൈദ്യുതീകരണം	70000	67146	71/15.02.18
4	116/18	ഹോമിയോ ഡിസ്പൻസറി ഓഫീസ് വൈദ്യുതീകരണം	70000	69303	74/15.02.18
5	117/18	മൃഗാശുപത്രി കെട്ടിടം ഹാൾ വൈദ്യുതീകരണം	70000	76536	72/15.02.18

വൈദ്യൂതീകരണ പ്രവൃത്തികൾ പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ എടുക്കുന്നതിനാവശ്യമായ തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

3-16 ഒ.ഡി.എഫ്. - തിരികെ ലഭിച്ച 275160 രൂപ തനത് ഫണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു

വെളിയിട വിസർജ്ജന വിമുക്ത പദ്ധതിയ്ക്കായി (ODF) പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 2972600 രൂപയിൽ 2628000രൂപ ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 2017-18സാമ്പത്തിക

വർഷം വാർഷിക പദ്ധതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ ലഭിച്ച 275160രൂപ ചെലവഴിക്കാതെ തനത്ഫണ്ടിൽ നിക്ഷേപിച്ചിരിക്കുയാണ്. 2018-19വാർഷിക പദ്ധതിയിൽ പ്രസ്തുത തുക വകയിരുത്തി പ്രോജക്ടുകളൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. ഈ തുക വകയിരുത്തി 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

3-17 തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് [166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് - 3-ാം പട്ടിക]. എന്നാൽ ഈ ചുമതല പഞ്ചായത്ത് കൃത്യമായി നിർവ്വഹിക്കുന്നില്ല. വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രം തെരുവ് വിളക്കുകൾക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങുകയും, അറ്റകുറ്റപ്പണികൾക്ക് ആളെ നിയോഗിക്കുകയും ചെയ്യുന്ന രീതിയാണ് പഞ്ചായത്തിൽ തുടർന്നു വരുന്നത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ മുതലായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനോ, അവ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനോ ഉള്ള ഒരു സ്ഥിരം സംവിധാനത്തിന്റെ അഭാവം ഗ്രാമപഞ്ചായത്തിലുണ്ട്. ഒരു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ച തെരുവ് വിളക്ക് കേടായാൽ അവ നന്നാക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതുവരെ കാത്തിരിക്കേണ്ട സ്ഥിതിയാണുള്ളത്. പഞ്ചായത്തിന്റെ കണക്ക് പ്രകാരം 650 എൽ.ഇ.ഡി. ലൈറ്റുകളാണ് പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ളത്. മീറ്റർ സ്ഥാപിച്ച് ഉപഭോഗത്തിന് അനുസൃതമായാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത്. വൈദ്യുതി ബില്ലുകൾ പരിശോധിച്ചതിൽ മിക്കവയിലും ഉപഭോഗം പൂജ്യമാണ് കാണിച്ചിരിക്കുന്നത്. അതുപോലെ തന്നെ ഓഡിറ്റ് വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിലും ക്രമാനുഗതമായ കുറവാണ് ഉണ്ടായിട്ടുള്ളത്.

തെരുവ് വിളക്കുകളുടെ പരിപാലനം വർഷത്തിൽ ഒരിക്കൽ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനമല്ല, മറിച്ച് നിരന്തരമായി നടക്കേണ്ട ഒരു പ്രക്രിയയാണ്. തെരുവു വിളക്കുകകളുടെ പരിപാലനത്തിന് ഗ്രാമപഞ്ചായത്ത് പ്രായോഗികവും, വ്യക്തവുമായ നയം രൂപീകരിക്കേണ്ടതാണ്. അടാട്ട് മാതൃകയിൽ തെരുവ് വളക്കുകളുടെ പരിപാലനം ചിട്ടപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 17.08.15-ൽ ജി2-44274/2015 നമ്പരായി ബഹു.പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളത് പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തെരുവ് വിളക്കുകളുടെ പരിപാലനം ചിട്ടപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

3-18 പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നു

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. നിലവിൽ 176 ടാപ്പുകൾക്കാണ് പഞ്ചായത്ത് കരം ഒടുക്കുന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം വെള്ളക്കരം ഇനത്തിൽ 1205541 രൂപയാണ് വാട്ടർ അതോറ്റിയിൽ ഒടുക്കവരുത്തിയിട്ടുള്ളത്. വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻ തുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് അനുസരിച്ച് വെള്ളക്കരം ഒടുക്കുന്നത് അഭിലഷണീയമായ നടപടിയല്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പഞ്ചായത്ത് വെള്ളക്കരം കൊടുക്കുന്ന ഒട്ടേറെ ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ ഉള്ളതായി

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും (സബ്സിഡിക്ക് അർഹതയില്ലാത്തവരിൽനിന്ന് മുഴുവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ് (സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ., തീ. 16.11.2013 – പേജ് 42, ഖ.2). സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമായിരിക്കും.

3-19 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം

വിദ്യാഭ്യാസ മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നില്ല. പഞ്ചായത്തിൽ 5 സർക്കാർ സ്കൂളുകളുണ്ട്. ഇവയിൽ ഒരു സ്കൂളിൽമാത്രമാണ് സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കാനുള്ളത്. സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി നടപ്പാക്കിയ ക്ലാസ്സ് മുറികളിൽ ഇരിപ്പിടം സൗകര്യം ഒരുക്കിയിട്ടില്ല. സ്കൂൾ

കെട്ടിടങ്ങൾ ശിശുസൗഹൃദമാക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നില്ല. സ്കൂളുകളെ ഹൈടെക് ആക്കി പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനുള്ള വിഭവങ്ങൾ ലഭ്യമാണെങ്കിലും ആ നിലയ്ക്കുള്ള പരിപാടികളൊന്നും പഞ്ചായത്ത് ഏറ്റെടുക്കുന്നില്ല. വിദ്യാഭാസ മേഖലയിലെ പ്രവർത്തനങ്ങളിൽ സ്ററാൻഡിംഗ് കമ്മറ്റിയുടെ സജീവമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ആരോഗ്യ മേഖലയിൽ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ സ്റ്റാന്റിംഗ് കമ്മറ്റി സജീവമായ ഇടപെടൽ നടത്തുന്നുണ്ട്. പ്രഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ തുക കൈമാറുന്നുണ്ടെങ്കിലും അവ യഥാസമയം ലഭ്യമാക്കുന്നില്ല. ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല.

3-20 ആവർത്തന സ്വഭാവമുള്ള ചെലവുകൾക്കായി പ്രത്യേകം പ്രോജക്ട് തയ്യാറാക്കിയത് മാർഗ്ഗരേഖാ ലംഘനം

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18സാമ്പത്തികവർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും 300000രൂപ വകയിരുത്തി ***സമഗ്രവിദ്യാഭ്യാസം*** എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾക്കായി ആകെ 283083രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	ദിനപത്രങ്ങളുടെ വരിസംഖ്യ	54620	54600
2	സയൻസ് മാഗസിൻ വരിസംഖ്യ	20000	20000
3	സാനിട്ടേഷൻ എെറ്റംസ്	39000	39000
4	സ്മാർട്ട് ക്ലാസ്സ് റൂം	60000	58120
5	ഗ്യാസ് റീഫില്ലിംഗ്	11000	10913
6	എഴുത്തുമേശ	39000	39000
7	ലൈബ്രറി പുസ്തകം	12500	12500
8	സർഗ്ഗസൃഷ്ടി പ്രകാശനം	26000	24000
9	അലമാര	25880	24950
10	ശിൽപശാല	12000	0
	ആകെ	300000	283083

പഞ്ചായത്ത് രാജ് നിയമത്തിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്നോ ജനറൽപർപ്പസ് ഫണ്ടിൽ നിന്നോ ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനായി വേണ്ടി വരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ എന്നിവക്കായി പ്രത്യേകം പ്രോജക്ട് തയ്യാറാക്കാൻ പാടില്ല. സമഗ്ര പരിപാടി തയ്യാറാക്കിയ ശേഷം ഫണ്ട് വകയിരുത്തിക്കൊണ്ട് ചെയ്യാനുദ്ദേശിക്കുന്ന സമഗ്ര പരിപാടിയുടെ ഘടകങ്ങളായ ഓരോ പ്രവൃത്തിയും ഓരോ പ്രോജക്ടായി തയ്യാറാക്കണമെന്നും ഇവയെല്ലാം കൂട്ടിചേർത്ത് ഒറ്റ പ്രോജക്ടായി തയ്യാറാക്കാൻ പാടില്ല എന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലും നിഷ്കർഷിച്ചിട്ടുണ്ട് [സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ, തീ. 11.01.2016 – പാര 6.11(ഡി) & 7(iv)]. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.10/26.09.18) തുടർവർഷങ്ങളിൽ ഇത്തരം പദ്ധതികൾ പ്രത്യേകം പ്രോജക്ടുകളായി നടപ്പാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മേൽ വിഷയത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നു.

3-21 പാലിയേറ്റീവ് കെയർ- വാഹനവാടക അധികം നൽകി

പാലിയേറ്റീവ് കെയർ പരിചരണത്തിനായി വാഹനം വാടകയ്ക്കെടുക്കുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിലെ അപാകത മൂലം 7 മാസം കൂടിയ നിരക്കിൽ വാടക നൽകിയിട്ടുണ്ട്. 22.06.2017-ലെ 443/17 നമ്പരായി പ്രസിദ്ധീകരിച്ച ക്വട്ടേഷൻ നോട്ടീസിൽ പരമാവധി 34 മണിക്കൂർ ഓടുന്നതിനുള്ള തുക ക്വോട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടിരുന്നത്. മണിക്കൂർ ഒന്നിന് 50 രൂപ പ്രകാരം വെയിറ്റിംഗ് ചാർജ് നൽകുന്നതായിരിക്കും എന്ന് ക്വട്ടേഷൻ നോട്ടീസിൽ പറഞ്ഞിരുന്നു. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ശ്രീ. എൻ.ജി. പ്രസാദ് എന്നയാൾ ആയിരുന്നു. ടിയാൽ ക്വോട്ട് ചെയ്ത പ്രതിദിന വാടക 750 രൂപ 30.06.2017-ൽ ചേർന്ന പി.എം.സി. അംഗീകരിച്ചിട്ടുണ്ട്.

എന്നാൽ 28.07.2018-ൽ ചേർന്ന പി.എം.സി. യോഗത്തിൽ പ്രതിദിനവാടക 750 രൂപയും മണിക്കൂറിന് 50 രൂപ നിരക്കിലുള്ള വെയിറ്റിംഗ് ചാർജും ചേർത്ത് 1050 രൂപ നൽകേണ്ടി വരുമെന്നും ഇത് 29.10.2015-ലെ സ.ഉ.(സാധാ.) നം.3217/2015 നമ്പർ ഉത്തരവിലെ 2.6.5(3) ഖണ്ഡികയിൽ നിഷ്കർശിച്ചിരിക്കുന്ന 900 രൂപയിൽ കൂടുതലായതിനാൽ ക്വട്ടേഷൻ നോട്ടീസിൻമേൽ തുടർനടപടികൾ റദ്ദാക്കി റീക്വട്ടേഷൻ വിളിക്കണമെന്ന മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം കമ്മറ്റി അംഗീകരിക്കാതെ 900 രൂപ നിരക്കിൽ തുക അനുവദിക്കാൻ പി.എം.സി. യോഗത്തിൽ തീരുമാനമെടുക്കുകയും ചെയ്തു. ഈ നിരക്കിൽ തുക നൽകിയതുമൂലം 7 മാസത്തേക്ക് 16050 രൂപ അധികം നൽകേണ്ടിവന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3-22 രോഗികൾക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ, സാന്ത്വനപരിചരണം എന്നീ പദ്ധതികളിലായി മരുന്നുവാങ്ങുന്നതിന് 2017-18-ൽ ആകെ 587538 രൂപ കെ.എം എസ്. സി.എൽ-ന് നൽകിയിട്ടുണ്ട്.

പ്രോജക്ടിന്റെ പേര്	നൽകിയ തുക	ബിൽ / ചെക്ക് നമ്പർ
36/18- പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ	100000	10/17-18/ 09.11.2017
40/18- സാന്ത്വനപരിചരണം	198528	12/17-18/ 10.11.2017
	289010	2999882/ 14.12.2017

എന്നാൽ ഇതിൽ 394715 രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. 192823 രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയതിയിലും ലഭിക്കാൻ അവശേഷിക്കുന്നു. രോഗികൾക്കാവശ്യമായ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3-23 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

സ്റ്റാന്റിംഗ് കമ്മിറ്റികൾ മാസത്തിൽ ഒരു തവണ യോഗം ചേരണമെന്ന നിയമ വ്യവസ്ഥ പാലിച്ചിട്ടുണ്ടെങ്കിലും വർക്കിങ് ഗ്രൂപ്പ് കൺവീനർമാരും എക്സ്ഒഫീഷ്യോ സെക്രട്ടറിമാരുമായ നിർവ്വഹണ ഉദ്യോഗസ്ഥർ സ്റ്റാന്റിംഗ് യോഗത്തിൽ പങ്കെടുത്തിട്ടില്ല. ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, പട്ടിക ജാതി വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളാണ് ഈ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നത്. ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ ഭാഗമായുള്ള ആശ്രയ പദ്ധതി സ്തംഭനാവസ്ഥയിലാണ്. സമൂഹത്തിലെ നിരാലംബരായ അഗതികളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള ആശ്രയ പദ്ധതിയുടെ നിർവ്വഹണത്തിൽ കാര്യമായ പുരോഗതിയില്ല. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗം, സ്ത്രീകൾ കുട്ടികൾ എന്നിവർക്കുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമല്ല. വനിതാ ഘടക പദ്ധതിയിൽ വകയിരുത്തിയ തുകകൾ വകമാറ്റിയാണ് ചെലവഴിച്ചിട്ടുള്ളത്. നിർഭയാ, ജാഗ്രതാ സമിതി എന്നിവയുടെ നടത്തിപ്പിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. പട്ടികജാതി പ്രോജക്ടുകളുടെ നിർവ്വഹണം ഫണ്ട് വിനിയോഗം എന്നിവ മോണിട്ടർ ചെയ്യുന്നതിന് നിരീക്ഷണ സമിതി രൂപീകരിച്ചിട്ടില്ല.

3-24 അങ്കണവാടിയ്ക്ക് വസ്തു വാങ്ങൽ - അപാകതകൾ

- *ക്ഷമതയുള്ള അധികാരിയിൽനിന്നും വില നിർണ്ണയ സർട്ടിഫിക്കറ്റ് വാങ്ങിയില്ല*

- *വാങ്ങിയ വസ്തുവിന്റെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല*
- *ഫീസിബിലിറ്റി വാങ്ങാതെ പട്ടികജാതി ഫണ്ട് വകയിരുത്തി*
- *കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് ആവിഷ്കരിച്ചില്ല*

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 63-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്ത് ഫണ്ട് 300000 രൂപയും, പഞ്ചായത്തിന്റെ എസ്.സി.പി. ഫണ്ടിൽനിന്നും 50000 രൂപയും ഉൾപ്പടെ ആകെ 350000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി പന്തളം തെക്കേക്കര വില്ലേജിൽ 38/18 റീസർവ്വേ നമ്പരിലുള്ള സർപ്പത്തിൽ വീട്ടിൽ തേവി എന്നയാളിന്റെ 5 സെന്റ് വസ്തു ഉഭയകക്ഷി സമ്മത പ്രകാരം 301500 രൂപ വിലയ്ക്ക് വാങ്ങി.

പന്തളം തെക്കേക്കര വില്ലേജ് ഓഫീസർ ലഭ്യമാക്കിയ വിലനിർണ്ണയ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. വിലനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം 2.02 ആർ സ്ഥലത്തിന് ആറൊന്നിന് 155587 രൂപ നിരക്കിൽ 314285 രൂപയായിരുന്നു വില നിർണ്ണയിച്ചിരുന്നത്. പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 5(സി) പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ വില തഹസിൽദാർ/ജില്ലാ കളക്ടർ നിശ്ചയിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിന്റെ കാര്യത്തിൽ വില്ലേജ് ഓഫീസറുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. 5 സെന്റോ അതിൽ താഴെയോ വിസ്തൃതിയുള്ള വസ്തുവിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം മതിയാകും എന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ഓഫീസർ വിലനിർണ്ണയ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതെന്നാണ് ബന്ധപ്പെട്ടവർ വിശദീകരിച്ചത്. എന്നാൽ ഇത്തരമൊരു നിർദ്ദേശം ബന്ധപ്പെട്ട അധികാരികളിൽനിന്നും ലഭിച്ചത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വിലയാധാരം വാങ്ങിയിട്ടുള്ള ടി വസ്തു പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. മാത്രവുമല്ല സ്ഥലംവാങ്ങിയിട്ടുള്ളതല്ലാതെ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഓഡിറ്റ് വർഷമോ, തുടർന്നുള്ള വർഷമോ ഗ്രാമപഞ്ചായത്ത് പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടില്ല. ആയതിനാൽ പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല.

പദ്ധതിയ്ക്ക് ജില്ലാ പഞ്ചായത്ത് ഫണ്ടിനു പുറമേ 50000 രൂപ പഞ്ചായത്തിന്റെ എസ്.സി.പി. ഫണ്ടിൽനിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ 50 ശതമാനത്തിലേറെ ഗുണഭോക്താക്കൾ എസ്.സി. വിഭാഗത്തിൽപെടുന്നവരാണെന്നതിന് പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് എസ്.സി.പി. ഫണ്ട് പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി എസ്.സി.പി. ഫണ്ടിൽനിന്നും 34700 രൂപ ചെലവഴിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല.

ക്ഷമതയുള്ള അധികാരിയിൽനിന്നും വിലനിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ വസ്തുവിന്റെ വിലനിർണ്ണയം ന്യായയുക്തമായിട്ടാണ് നടത്തിയിട്ടുള്ളതെന്ന് സംബന്ധിച്ച് വകുപ്പ്തലത്തിൽ (ഡി.ഡി.പി) പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ എസ്.പി. ഫണ്ട് ചെലവഴിച്ചതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും, വസ്തു പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ചേർത്ത് കെട്ടിട നിർമ്മാണത്തിന് പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

3-25 വൃദ്ധജനങ്ങൾക്ക് കട്ടിൽ - ടെണ്ടർ നടപടിയിലെ അപാകത അധികച്ചെലവിന് കാരണമായി

പദ്ധതിയുടെ പേര്	വൃദ്ധജനങ്ങൾക്ക് കട്ടിൽ (S0106/18)	വൃദ്ധജനങ്ങൾക്ക് കട്ടിൽ (S0107/18)
അടങ്കൽ തുക	₹266805 (പൊതുവിഭാഗം)	₹296450 (പൊതുവിഭാഗം)
ചെലവ് തുക	₹254100 Bill No.34/17-18/26.03.18 ₹12705 Bill No.35/17-18/28.03.18	₹296450 Bill No.33/17-18/26.03.18

വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച മേൽ പദ്ധതികളുടെ ഭാഗമായി ആകെ 133 പേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ.(സാധാ) നം.2086/2017 ത.സ്വ.ഭ.വ തീയതി 21.06.2017 സർക്കാർ ഉത്തരവിലെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ആഞ്ഞിലിത്തടിയിൽ നിർമ്മിച്ച

കട്ടിലുകൾ വാങ്ങുന്നതിന് ടെണ്ടർ പരസ്യം നൽകിയതനുസരിച്ച് മൂന്ന് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവല്ലയാണ് (3897 രൂപ). എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 25.11.2017-ലെ തീരുമാനം, ജനറൽ കമ്മിറ്റിയുടെ 29.11.2017- ലെ VII(2) നമ്പർ തീരുമാനം എന്നിവ പ്രകാരം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവല്ല എന്ന സ്ഥാപനം ആഞ്ഞിലിത്തടിയിലുള്ള കട്ടിലുകൾ സ്വന്തമായി നിർമ്മിക്കുന്നില്ല എന്ന കാരണത്താൽ ടി സ്ഥാപനത്തിന്റെ ടെണ്ടർ നിരസിക്കുകയും തൊട്ടടുത്ത കുറഞ്ഞനിരക്ക് (4235 രൂപ) രേഖപ്പെടുത്തിയ ഒളിമ്പിയ സ്റ്റീൽസ്, സിഡ്കോ ഇൻഡസ്ട്രിയൽ പാർക്ക്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് അവരിൽ നിന്ന് കട്ടിലുകൾ വാങ്ങുകയും ചെയ്തു. സ്ഥാപനം സ്വന്തമായി ഉൽപ്പാദിപ്പിക്കാത്ത സാധനങ്ങൾ ടെണ്ടർ നടപടി കൂടാതെ നേരിട്ട് വാങ്ങുന്നതിന് മാത്രമാണ് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. ഓപ്പൺ ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ള കട്ടിലിന്റെ സ്പെസിഫിക്കേഷൻ, ഗുണനിലവാരം എന്നിവയിൽ എന്തെങ്കിലും അപാകത ഉള്ളതായി കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഈ സാഹചര്യത്തിൽ, ആഞ്ഞിലിത്തടിയിലുള്ള കട്ടിൽ സ്വന്തമായി നിർമ്മിക്കുന്നില്ല എന്ന ഒറ്റ കാരണത്താൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവല്ല എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും എടുത്ത തീരുമാനം ഉചിതമായിരുന്നില്ല. ഇത്തരത്തിലുള്ള ഒരു തീരുമാനം എടുക്കുന്നത് അനുചിതമാണെന്ന് കമ്മിറ്റിയെ ബോധ്യപ്പെടുത്തേണ്ട ചുമതലയുണ്ടായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥ തന്റെ ചുമതല നിർവ്വഹിച്ചിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാതിരുന്ന പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം കാരണം 44954 രൂപ അധികം ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 06.10.2018-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ അംഗീകരിച്ചതിലെ അപാകതയ്ക്ക് മതിയായ വിശദീകരണം ലഭ്യമാക്കിയില്ലെങ്കിൽ, ഇതുകാരണം പഞ്ചായത്ത് ഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച തുക ഭരണസമിതി/നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവരിൽനിന്നും തുല്യമായി ഈടാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണ്.

3-26 അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന BRC-യ്ക്കു വേണ്ടി തുക ചെലവഴിക്കുന്നു

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനായി കുടുംബശ്രീയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ 2014-15 സാമ്പത്തിക വർഷം മുതൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന യാത്രചെയ്യുവാൻ കഴിവുള്ള ഏതൊരാൾക്കും ആവശ്യമായ പകൽ പരിപാലനം, പരിചരണം, തൊഴിൽ പരിശീലനം തുടങ്ങിയ സേവനങ്ങൾ നൽകി പുനരധിവാസ സാധ്യത ഉറപ്പുവരുത്തുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. 06.04.2013 ലെ ജി.ഒ.(എം.എസ്) നം 144/2013 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. തുടർന്ന് 07.02.2018-ൽ ജി.ഒ.(എം.എസ്) നം 20/2018 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഇവയിലെ പ്രധാന നിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കാതെയാണ് ഗ്രാമപ്പഞ്ചായത്തിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ദേശീയ വികലാംഗ ജന നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് ആറ് മാസത്തിനുള്ളിൽ സാമൂഹ്യനീതി ഡയറക്ടറിൽ നിന്ന് വാങ്ങേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ അംഗീകാരത്തിനായുള്ള അപേക്ഷ സ്ഥാപനം സമർപ്പിച്ചിട്ടില്ല. നിലവിൽ പ്രവർത്തിച്ചുവരുന്ന ബി.ആർ.സി-യ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ, കുടുംബശ്രീ മിഷൻ ജില്ലാ കോർഡിനേറ്ററുടെ ശുപാർശയിന്മേൽ രണ്ട് വർഷത്തേക്ക് താൽക്കാലിക അംഗീകാരം നൽകുന്നതാണെന്ന് 07.02.2018-ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് ലഭിക്കുവാനുള്ള യാതൊരു ശ്രമവും നടന്നിട്ടില്ല. യാതൊരുവിധത്തിലുള്ള അംഗീകാരവുമില്ലാതെയാണ് നിലവിൽ ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്.

2. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിച്ചിട്ടുള്ളയാളായിരിക്കണം ബി.ആർ.സി. അധ്യാപിക. എന്നാൽ നിലവിലെ അധ്യാപികയ്ക്ക് നിശ്ചിത യോഗ്യതയില്ല.

3. ഒരു കേന്ദ്രം ആരംഭിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ഒക്കുപ്പേഷണൽ തെറാപ്പി ആന്റ് കൗൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലന മുറി എന്നിവ സജ്ജീകരിക്കേണ്ടതാണ്. എന്നാൽ ഇവയൊന്നും തന്നെ നിലവിൽ സജ്ജീകരിച്ചിട്ടില്ല.

4. കുട്ടികൾക്ക് ആളോഹരി 30 ച.അടി സ്ഥലം എന്ന രീതിയിൽ 750 ച. അടി വിസ്തീർണ്ണമെങ്കിലും ഉള്ള കെട്ടുറപ്പുള്ള ശുചിത്വമുള്ള തടസ്സ വിമുക്തമായ കെട്ടിടം വേണ്ടിയിരുന്നു.എന്നാൽ 2003ൽ സ്ഥാപിച്ചതും കാലപ്പഴക്കത്താൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമായതുമായ കെട്ടിടത്തിലാണ് നിലവിൽ ബി ആർ സി പ്രവർത്തിച്ചു വരുന്നത്.

ഗ്രാമപ്പഞ്ചായത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന 20 കുട്ടികൾ ഉണ്ടെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ വിഭാഗത്തിൽപ്പെട്ട കേവലം 3 കുട്ടികൾ മാത്രമാണ് ഇപ്പോൾ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ എത്തുന്നത്. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങളിലുള്ള അപര്യാപ്തതയും മേൽ സൂചിപ്പിച്ച അപാകതകളും കാരണമാണ് രക്ഷിതാക്കൾ കുട്ടികളെ ഇവിടേയ്ക്ക് അയയ്ക്കുവാൻ മടിക്കുന്നത്. അപാകതകൾ പരിഹരിച്ച് കൂടുതൽ കുട്ടികളെ

സ്ഥാപനത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളൊന്നും അധികാരികൾ സ്വീകരിക്കുന്നുമില്ല. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിനായി തൻവർഷം 4,45,035 രൂപയാണ് വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുള്ളത്. ടീച്ചർ, ഹെൽപ്പർ, ഡ്രൈവർ എന്നിവരുടെ വേതനം, വാഹനത്തിന്റെ ഇന്ധനം എന്നീ ഇനങ്ങളിലാണ് ചെലവ് വന്നിട്ടുള്ളത്. പൊതു ഖജനാവിൽ നിന്ന് ഇത്രയും തുക ചെലവഴിച്ചിട്ടും ആയത് നിഷ്ഫലമായി കൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. സ്ഥാപനത്തിന്റെ പേരിൽ മൂന്ന് ജീവനക്കാർക്ക് വേതനം നൽകുന്ന എന്നതല്ലാതെ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സാമൂഹികമായോ തൊഴിൽ പരമായോ ആരോഗ്യപരമായോ യാതൊരുവിധ മുന്നേറ്റവും ലഭ്യമാക്കിക്കൊടുക്കുവാൻ ബി.ആർ.സി-യുടെ പ്രവർത്തനം കൊണ്ട് നാളിതുവരെ കഴിഞ്ഞിട്ടില്ലായെന്നുള്ളത് വസ്തുതയാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

3-27 നിഷ്ക്രീയ ആസ്തികൾ

ഗ്രാമപഞ്ചായത്തിന്റെ ചുവടെ ചേർക്കുന്ന ആസ്തികൾ നിഷ്ക്രീയമാണ്.

(1) <u>പാറക്കര കുടുംബശ്രീ വിപണന കേന്ദ്രം</u>

2011-12ലെ വാർഷിക പദ്ധതിയിൽ പട്ടികജാതി സേവന മേഖലയിലെ ഫണ്ട് വകയിരുത്തി പ്രോജക്റ്റ് നം. 79/12 പ്രകാരം പാറക്കര ലക്ഷം വീട് കോളനിയിൽ പട്ടികജാതി വനിതകൾക്ക് കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. 5.5 ലക്ഷം രൂപ ചെലവഴിച്ച് 22.8.12-ൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. കെട്ടിടം വൈദ്യുതീകരിക്കുന്നതിന് 2017-18 വർഷം 67924രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കെട്ടിടം ഉപയോഗശൂന്യമായി അവശേഷിക്കുന്നു. ഈ പദ്ധതിയ്ക്ക് ചെലവഴിച്ച പൊതുപണം പാഴായ സ്ഥിതിയിലാണ്.

പട്ടികജാതി വിഭാഗകാരുടെ ക്ഷേമത്തിനായി വിനിയോഗിക്കേണ്ട പദ്ധതി പണം പ്രത്യുൽപ്പാദനപരമല്ലാത്ത പദ്ധതിക്കായി നിക്ഷേപിച്ചത് പദ്ധതി പണം ഏതു വിധേനയും ചെലവഴിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനാവശ്യമായ തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

(2) <u>കീരുകുഴി മാർക്കറ്റ്</u>

പന്തളം-തെക്കേക്കര വില്ലേജിലെ ബ്ലോക്ക് നമ്പർ 6 റീ-സർവ്വേ നമ്പർ 202/12-ൽ പെട്ട 36 ആർ സ്ഥലം വരുന്ന കീരുക്കുഴി പൊതു മാർക്കറ്റ് ലഭ്യമായ വിവരങ്ങൾ പ്രകാരം 1942 മുതൽ പൊതുമാർക്കറ്റായി പ്രവർത്തിച്ചും വരികയായിരുന്നു. പബ്ലിക് മാർക്കറ്റുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഉത്തരവുകൾ വന്നതിനുശേഷം 1968-ൽ റവന്യൂ അധികാരികളിൽ നിന്നും ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് സിദ്ധിച്ചിട്ടുള്ളതാണ്. 1960-ലെ കേരള പഞ്ചായത്ത് ആക്ട് വകുപ്പ് 85(1) പ്രകാരമാണ് മാർക്കറ്റ് റവന്യൂ വകുപ്പിൽ നിന്ന് പഞ്ചായത്തിന് ലഭിച്ചത്. നിലവിൽ ഈ മാർക്ക് പ്രവർത്തിക്കുന്നില്ല. ഇവിടെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പഴംപച്ചക്കറി വിപണന കേന്ദ്രവും ഉപയോഗിക്കാതെ കിടക്കുകയാണ്. മുൻകാലങ്ങളിൽ ഈ സ്റ്റാൾ ലേലത്തിൽ നൽകുന്നതിലൂടെ പഞ്ചായത്തിന് വരുമാനം ലഭിച്ചിരുന്നു. എന്നാൽ നിലവിലുള്ള ഭരണ സമിതി സ്റ്റാൾ ലേലത്തിൽ നൽകുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടുള്ളതായി കണ്ടില്ല. മാർക്കറ്റ് പ്രവർത്തിക്കാത്തതിനാൽ ലേലം, തറവാടക ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനവും നഷ്ടമാകുന്നു.

കോടികൾ വിലമതിക്കുന്ന മാർക്കറ്റ് നിൽക്കുന്ന സ്ഥലം നിലവിൽ സംരക്ഷണമില്ലാതെ കാടുകയറി കിടക്കുകയാണ്. റവന്യൂ രേഖകളിൽ 50 സെന്റ് ഉണ്ടായിരുന്ന ഈ മാർക്കറ്റ് നിലവിൽ 40 സെന്റായി ചുരുങ്ങിയിരിക്കുകയാണ്. ഈ വിഷയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇതിന്മേൽ അധികൃതർ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

നിഷ്ക്രീയമായ ഈ മാർക്കറ്റ് പുനരുജ്ജീവിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

(3) <u>തുളിയാട്ടു കോളനി ശ്മശാനം</u>

താളിയാട്ടു കോളനിയിൽ 21.60 ആർ സ്ഥലം (53 സെന്റ്) ശ്മശാനം സ്ഥാപിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലം കാടുകയറി സംരക്ഷണമില്ലാതെ കിടക്കുകയാണ്. വസ്തുവിന്റെ അതിർത്തി നിർണ്ണയിച്ച് വേലി/മതിൽ കെട്ടി സംരക്ഷിച്ചിട്ടില്ലാത്തതിനാൽ അന്യ വ്യക്തികൾ സ്ഥലം കൈയ്യേറുന്നതിനുള്ള സാധ്യത നിലനൽക്കുകയാണ്. ആസ്തി രജിസ്റ്റർ പ്രകാരം 29.07.2009-ലാണ് വസ്തു ആർജ്ജിച്ചിരിക്കുന്നത്. വസ്തുവിൽ 35 പറങ്കിമാവുകളും 70 മാഞ്ചിയവും ഉള്ളതായും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. ശ്മശാനത്തിന് വസ്തു വാങ്ങിയതല്ലാതെ ശ്മശാനം സ്ഥാപിക്കുന്നതിനോ, വസ്തുവിന്റെ അതിർത്തി സംരക്ഷിക്കുന്നതിനോ പഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഈ സ്ഥലത്തേക്ക് എത്തുന്നതിന് ഗതാഗത യോഗ്യമായ വഴിയില്ലാത്തതാണ് തടസ്സമായി അധികൃതർ പറയുന്നത്. ഈ സ്ഥലം റവന്യൂ അധികാരികളെകൊണ്ട് അളന്ന് തിട്ടപ്പെടുത്തി അതിർത്തി വേലി/മതിൽ കെട്ടി സംരക്ഷിക്കുന്നതിനും ശ്മശാനം സ്ഥാപിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

<u>ഭാഗം -4</u>

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്, നമ്പർ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	210000	സമഗ്ര നെൽകൃഷി വികസനം (നം.51/18)	210000	ഇല്ല
	179000	സാന്ത്വന പരിചരണം (നം.40/18)	179000	ഇല്ല
	90600	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (നം.13/18)	88000	2600
	503300	ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (നം.110/18)	503300	ഇല്ല
	125000	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (നം.135/18)	125000	ഇല്ല
ജില്ലാ പഞ്ചായത്ത്	300000	സാന്ത്വന പരിചരണം (നം.40/18)	300000	ഇല്ല
	100000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (നം.13/18	62500	37500
	200000	ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (നം.110/18)	200000	ഇല്ല
	500000	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (നം.135/18)	500000	ഇല്ല
	200000	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (നം.138/18)	200000	ഇല്ല
	100000	അങ്കണവാടി പൂരക പോഷകാഹാര പരിപാടി (നം.8/18)	67833	32167
	250000	അങ്കണവാടി പൂരക പോഷകാഹാര പരിപാടി (നം.9/18)	43258	206742
	300000	അങ്കണവാടി വസ്ത്ര വാങ്ങൽ (നം.154/18)	300000	ഇല്ല

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ബാക്കി തുക
വാട്ടർ അതോറിറ്റി	അംഗീകൃത കോളനികളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (നം.151/18)	557000	557000	ലഭ്യമല്ല	
	വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ (നം.208/18)	200000	185000	ലഭ്യമല്ല	
കെ.എസ്.ഇ.ബി	അംഗീകൃത കോളനികളിൽ വൈദ്യുതിലൈൻ നീട്ടൽ (നം.204/18)	884748	609588	ലഭ്യമല്ല	
	പുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ (നം.205/18)	1684810	1668970	ലഭ്യമല്ല	

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	കൺവീനർ	ബിൽ വൗച്ചർ നമ്പർ	തുക	ക്രമീകരിച്ചത്	ബാക്കി	റിമാർക്സ്
ഇല്ല							

4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ക്രമ നം.	2017-18ൽ ലഭിച്ച വായ്പ	ഉദ്ദേശ്യം	നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക	വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത്	ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം
ഇല്ല					

<u>(ii) വായ്പ തിരിച്ചടവിന്റെ വിവരം</u>

ക്രമ നം.	വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./ തിയ്യതി	വായ്പ തുക	തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		വർഷാവസാന ബാക്കി
					മുതൽ	പലിശ	
ഇല്ല							

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിലുണ്ടായ നിക്ഷേപം	തൻവർഷം നിക്ഷേപിച്ച തുക	ആകെ	തന്നാണ്ടിൽ പൻവലിച്ച തുക	വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം
ഇല്ല				

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 9131 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പരും തീയതിയും
2007-08 മുതൽ 2010-11 വരെ	3-2	237	ശ്രീ.ജോഷ്വാജേക്കബ് സെക്രട്ടറി	11704101735/28.09.17
2007-08 മുതൽ 2010-11 വരെ	3-2	1050	ശ്രീ.ജേക്കബ് വർഗ്ഗീസ് യു.ഡി ക്ലർക്ക്	11704101689/26.09.17
2006-07	3-1	929	ശ്രീമതി സുനിത.ബി	11704101905/13.10.2017
2007-08 മുതൽ 2010-11 വരെ	2-1	222	ശ്രീ.ഹർഷകുമാർ	11704103303/01.01.18
2006-07	3-1	6693	ശ്രീ.ജേക്കബ്	11704104613/22.03.18

			വർഗ്ഗീസ് യു.ഡി ക്ലർക്ക്	

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	നിലവിലെ അവസ്ഥ
2012-13	2012-13	2012-13	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ രജിസ്ട്രേഷൻ ലേബർ ബഡ്ജറ്റും നിർവ്വഹണം നടത്തിയ പ്രവൃത്തി എന്നിവയിലെ വ്യത്യാസം	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
2013-14	2013-14	പേജ് 101	തട്ടയിൽ ഗവ.എൽ.പി. സ്കൂളിലെ ചുറ്റുമതിൽ 2010-11 വർഷത്തിൽ എസ്.എസ്.എ ഉപയോഗിച്ച് 47480/- രൂപ ചെലവഴിച്ച് പൂർത്തിയാക്കിയെങ്കിലും 2010നവംബറിലെ കനത്ത മഴയിൽ മതിൽ ഇടിഞ്ഞു വീണത് നാളിതുവരെ പുനർനിർമ്മിച്ചിട്ടില്ല.	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
2013-14	2013-14	പേജ് 128	2011-12, 2012-13 സാമ്പത്തിക വർഷത്തിൽ എസ്.എസ്.എ യ്ക്ക് നല്കിയഫണ്ടുപോലും ചെലവഴിക്കുന്നതിന് എസ്.എസ്.എ-യ്ക്ക് കഴിയുന്നില്ല.	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്

4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ആശുപത്രികളുടെ പേര്	വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം		ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം	റിമാർക്സ്
		വർഷം	തീയ്യതി		

1	പി.എച്ച്.സി., പന്തളം തെക്കേക്കര	2012-13 മുതൽ 2014-15 വരെ	23.12.15	ക.എസ്.എ.പിറ്റി.എ.പി3/ 433/17, തീ.05.05.17	2015-16 മുതൽ 2017-18 വരെ കാലയളവിലെ കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല
2	ഗവ.ആയുർവേദ ആശുപത്രി, പന്തളം തെക്കേക്കര	--	--	--	വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല

ആശുപത്രി വികസന സമിതിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തത് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	93724089
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	81514625
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	886909

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ്	സർചാർജ്ജ്	
		ഇല്ല	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	307749	ശ്രീമതി റ്റി.ആർ. ലീലാമ്മ, സെക്രട്ടറി
3-3	579160	ശ്രീ എം.എസ്.സുരേഷ്ബാബു, സെക്രട്ടറി

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ഇല്ല	

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ: 3-4

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി റ്റി.ആർ. ലീലാമ്മ, സെക്രട്ടറി	മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട	കൃഷ്ണശ്രീ, മലയാലപ്പുഴ പി.ഒ., പത്തനംതിട്ട
ശ്രീ എം.എസ്.സുരേഷ് ബാബു	ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല	പള്ളിശ്ശേരി വീട് കൈരളി നഗർ 36/A, റ്റി.ബി.ജംഗ്ഷൻ, കൊട്ടാരക്കര

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	**ഓഡിറ്റ് റിപ്പോർട്ട് നം., തീയതി**	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
1998-99	എൽ. എഫ് പി റ്റി എ പി2/730/01 തീയതി 11.12.02	4
1999-00 (ചെലവ്)	എൽ. എഫ് പി റ്റി എ പി2/729/01തീയതി. 25.09.02	2
2000-01	എൽ. എഫ് പി റ്റി എ പി4/254/06 തീയതി. 07.11.07	
2002-03	എൽ. എഫ് പി റ്റി എ പി4/233/07 തീയതി 11.04.07	7
2003-04	എൽ. എഫ് പി റ്റി എ പി7/39(A)09 തീയതി 26.07.10	9
2004-05	എൽ. എഫ് പി റ്റി എ പി7/39(B)09 തീയതി 22.11.11	9
2005-06	എൽ. എഫ് പി റ്റി എ പി4/761/10 തീയതി 28.11.11	9
2006-07	എൽ. എഫ് പി റ്റി എ പി5/334/11തീയതി 14.09.12	32
2007-08 to 2010-11	എൽ. എഫ് പി റ്റി എ പി5/1111/12 തീയതി 06.06.13	3
2011-12 & 2012-13	എൽ. എഫ് പി റ്റി എ പി11/150/04/14 തീയതി 10.11.14	29
2013-14	എൽ. എഫ് പി റ്റി എ പി11/454/15 lതീയതി 25.07.15	21
2014-15	**കെ.എസ്.എ. പി റ്റി എ പി11/853/16 lതീയതി 27.07.16**	14
2015-16	**കെ.എസ്.എ.** പി റ്റി എ പി11/1385/16തീയതി 10.01.2017	23
2016-17	**കെ.എസ്.എ.**പി റ്റി എ പി11/761/17തീയതി 07.07.2017	28

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

ANNEXURE - I AUDIT CERTIFICATE

No.KSA.PTA.P11/1360/2018 Dated: 25.10.2018

Certified that I have examined the Annual Financial Statement of **Pandalam Thekkekkara Grama Panchayat** in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Pandalam Thekkekkara Gramma Panchayat** for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

HABEEB MUHAMMED

Deputy Director (H.G)

Kerala State Audit Department

Pathanamthitta

അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി11/1360/2018 തീയ്യതി: 25.10.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട